032:1M68:12
F5

032:1M68:12 F5
MAHAN NAMBUDRI(N.)
Stava manjari.

MUL
050811

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number 032: 1M68:12 F5

Accession Number 50811

Available for loan from

This book should be returned on or before
the date last marked below.

1 OCT 194

# സ്തവമഞ്ജരി.

UNIVERSITY LIBRARY
23 MAR. 1939
MAL

ഗ്രന്ഥകൎത്താ:

നടുവത്ത് മഹൻനമ്പൂതിരി.

തൃശ്ശിവപേരൂർ

മംഗളോദയം പ്രസ്സിൽ

അച്ചടിച്ചത്.

(Copy right)

1100

Printed by
The Yogakshemam Co., Ltd.,
at the
Mangalodayam Press Trichur.

84
D32;1M68:12
F5

UNIVERSITY LIBRARY
23 MAR. 19: 9
MADRAS

# വിഷയാനുക്രമണിക.

മുഖവുര.

1. കൃഷ്ണസ്തവങ്ങൾ 1

2. ദേവീസ്തവങ്ങൾ 12

3. ദീനാക്രന്ദനസ്തവങ്ങൾ 20

4. സ്വപ്നസ്തവം 64

5. ഉപദേശസ്തവം 75

UNIVERSITY LIBRARY
23 MAR. 19 9
MADRAS

## മുഖവുര

കേളികേട്ട ഒരു ഭാഷാകവിയായ ബ്രഹ്മശ്രീ നടുവത്തു മഹൻ നമ്പൂതിരി അവർകളുടെ 'സ്തവമഞ്ജരി' എന്ന ഈ ചെറുപുസ്തകത്തിലെ കവിതയുടെ ഗുണത്തെപ്പററിയ ഒരു നിരൂപണം ചെയ്യാനുള്ള അർഹതയോ യോഗ്യതയോ എനിക്കില്ല. അങ്ങിനെയൊരു നിരൂപണം ആവശ്യമുണ്ടെന്നും തോന്നുന്നില്ല. ഈ സ്തവങ്ങളെല്ലാം ഹൃദയാകർഷകങ്ങളും ഭക്തിരസപ്രധാനങ്ങളും, ആണെന്നു പറവാൻ കവിതാമർമ്മം അറിയാത്തവക്കും സാധിക്കുന്നതാണ്.

മഹൻനമ്പൂതിരി അവർകളുടെ ഈ സ്തവങ്ങൾ കവിതാഗുണംകൊണ്ടു മാത്രമല്ല ശോഭിക്കുന്നത്. പിതൃഭക്തി, മാതൃഭക്തി, ഈശ്വരവിശ്വാസം, തുടങ്ങിയ അവിടത്തെ സൽഗുണങ്ങളെല്ലാം ഈ സ്തവങ്ങളിൽ ആദ്യവസാനം വിലസുന്നുണ്ട്.

ഭക്തിമാഗ്ഗത്തിൽ സ്തോത്രങ്ങൾക്കുള്ള സ്ഥാനം വളരെ മാഹാത്മ്യമേറിയതാണല്ലൊ. ചില സ്തോത്രങ്ങൾക്കു പ്രത്യേകമായ പ്രസിദ്ധി ഉണ്ടായിക്കാണ്മാനുണ്ട്. ഇതിന്നു കാരണം ആവക സ്തോത്രങ്ങൾക്കു ചില സിദ്ധികൾ ഉള്ളതുകൊണ്ടാണെന്നാണു കേട്ടിട്ടുള്ളത്. നാരായണീയസ്തോത്രകർത്താവായ മേല്പത്തൂർ ഭട്ടതിരിക്കു ആ സ്തോത്രം എഴുതിച്ചൊല്ലുക കാരണമായി രോഗനിവൃ

ത്തിയുണ്ടായതായി ഐതിഹ്യമുണ്ട്. ഇങ്ങിനെ ശങ്കരാചാൎയ്യർ തുടങ്ങിയ ചില ആചാൎയ്യന്മാരുടെ സ്തോത്രങ്ങളിൽ ചിലതിന്നു സിദ്ധിയുണ്ടായതായി ഇന്നും വിശ്വസിച്ചു ആവക സ്തോത്രങ്ങളെ പഠനം ചെയ്തു കീൎത്തിക്കുന്നവരെ ധാരാളം കാണ്മാനുണ്ട്. കലികാലത്തു കീൎത്തനങ്ങൾക്കു ഈശ്വരപ്രീതിയുണ്ടാക്കുവാൻ പ്രത്യേകമായ ഒരു ശക്തിയുണ്ടെന്നാണ് ഋഷിമാർ പറഞ്ഞിട്ടുള്ളത്.

ഈ സ്തവമഞ്ജരിയിലുള്ള ചില സ്തോത്രങ്ങൾക്കു മേൽപ്പറഞ്ഞ പ്രകാരം ചില സിദ്ധികളുണ്ടെന്നും അതു കാരണം ഈ സ്തോത്രങ്ങൾ ഭക്തന്മാൎക്കു ഒരു അനുഗ്രഹമായിത്തീരുമെന്നുമാണു പറയേണ്ടത്.

അച്ഛന്നു കാലിന്മേൽ ദീനം ഉണ്ടായപ്പോൾ മഹൻനമ്പൂതിരി അവർകൾ ഉണ്ടാക്കിയ സ്തവങ്ങളാണു ഈ പുസ്തകത്തിൽ ആദ്യം ചേൎത്തിട്ടുള്ളത്. ആ സ്തവങ്ങൾ ഫലപ്രദമായിരുന്നുവെന്നു പ്രസിദ്ധമായ സംഗതിയാണ്. പിന്നേ മഹൻനമ്പൂതിരി അവർകൾക്കു തന്നെ പുറത്ത് ഒരു കുരുവുണ്ടായി. അതിൽനിന്നു നിവൃത്തികിട്ടുവാനുണ്ടാക്കിയ സ്തോത്രങ്ങളാണു ഉത്തരഭാഗങ്ങളിൽ ചേൎത്തിട്ടുള്ളത്. ഈ സ്തോത്രങ്ങളെക്കൊണ്ടും ഫലസിദ്ധിയുണ്ടായിട്ടുണ്ട്. അവിടത്തെ രോഗം വേഗം ശമനപ്പെട്ടുവെന്നത് സ്വാനുഭവപ്പെട്ട സംഗതിയാണ്. ഈ സ്തവങ്ങളിൽ അഞ്ചാമതായി ചേൎത്ത ശിവസ്തോത്രംകൊണ്ടും ഉദ്ദിഷ്ടഫലമുണ്ടായിട്ടുണ്ട്. പ്രിയ

ധന്യനായ വള്ളത്തോളിന്റെ ബധിരത മാറ്റുവാൻ ചെയ്ത സ്തോത്രങ്ങൾ മാത്രമാണു കേൾക്കേണ്ട ദിക്കിൽ കേൾക്കാഞ്ഞതു്.

മഹൻനമ്പൂതിരി അവർകൾ വലിയ തത്വചിന്തകൾ ചെയ്യുന്ന ഒരാളാണെന്നു സ്വപ്നസ്തവം വായിച്ചാൽ ഏവനും തോന്നുന്നതാണു. അവിടത്തെ സദാചാരനിഷ്ഠക്കു ഒടുവിൽ ചേർത്ത ഉപദേശസ്തവവും വളരെ യോജിച്ചിട്ടുണ്ടു്.

ഇങ്ങിനെ ഐഹികവും പാരത്രികവുമായ ആവശ്യങ്ങളുടെ നിവൃത്തിക്കായി ഏററവും ഉപയോഗപ്രദമായിത്തീരുന്ന ഈ സ്തവങ്ങൾക്കു കേരളത്തിലെങ്ങും പ്രചാരം കിട്ടുവാൻ തക്കവണ്ണം അച്ചടിച്ചു പ്രസിദ്ധമാക്കുവാൻ സാധിച്ചതു വലിയ ഒരു സാഫല്യമായിട്ടാണു വിചാരിക്കേണ്ടതു്.

സി. കുഞ്ഞിരാമ മേനോൻ.

:o:

# സ്തവമഞ്ജരി.

## കൃഷ്ണസ്തവങ്ങൾ.

### I

അനർഘദിവ്യാഞ്ജനസന്നിഭാഭം
ധനഞ്ജയസ്യന്ദനഭൂഷണം ധനം
അനശ്വരം കൈവശമുള്ളകാല-
ത്തനർത്ഥമാം മറ്റുധനം സമസ്തവും. 1

ഭവാമയക്കാർക്കയരുന്നശല്യ-
നിവാരണം ചെയ്യുമൊരുത്തമൌഷധം
ദിവാനിശം കൈവശമുള്ളവൻപോയ്
ജവാൽ നിരാതങ്കപദത്തിലെത്തിടും. 2

കുശേശയപ്പെൺകൊടിയാൾക്കപുണ്യ-
വശേന കൈവന്ന കുചേലകാഞ്ചനം
വിശേഷമാണായതണിഞ്ഞവർക്കി-
ല്ലശേഷവും സംസൃതികൊണ്ടു സങ്കടം. 3

നിരാശയന്മാർ നിഗമത്തിനുള്ളിൽ-
പ്പരാവരം കണ്ടുവരുന്ന ദൈവതം
നിരാമയം പാട്ടിലെഴുന്നവർക്ക്
ദുരാശതൊട്ടുള്ള ഗദങ്ങൾ നീങ്ങിടും. 4

ചിരന്തനം ചീരജടാധരന്മാർ
ചിരന്തപിക്കുന്ന സനാതനം പദം
നിരന്തരം നോക്കു ലഭിക്കിലെത്ര-
തരം തരക്കേടുവരില്ലൊരിക്കലും. 5

നലം നിറഞ്ഞാവസുദേവപുണ്യ-
ഫലം പരം നിത്യനിദാനമംഗളം
സ്ഥലംപിടിക്കട്ടെ മനസ്സിലെന്നാ-
ലലം പരബ്രഹ്മപദത്തിലെത്തിടാം. 6

അപാരസംസാരനിവാരണം സൽ-
കൃപാനടീനൃത്തകലാനികേതനം
സുപാവനം സങ്കടദുർവ്വിഷഘ്ന-
കൃപാണമാണേവനുമുള്ളിലോർക്കുകിൽ. 7

ജിതേന്ദ്രിയോപാർജ്ജിതഭാഗ്യജാതം
സ്വതേ ജഗൽക്കാരണമായ ദൈവതം
അതേ നമുക്കാശ്രയമാധിനീങ്ങാ-
നിതേവമെന്നേവനുമോർമ്മവെയ്ക്കണം. 8

പ്രവൃത്തിമാർഗ്ഗത്തിനുമപ്രകാരം
നിവൃത്തിമാർഗ്ഗത്തിനുമാദികാരണം
പ്രവൃത്തിചെയ്യുമ്പൊഴുതുള്ളിലോർത്തേ
നിവൃത്തയുള്ളൂ നിലനില്പിനേവനും. 9

ദിനങ്ങൾതോറും മുനിമാർനിനയ്ക്കു-
മനന്തമെത്തപ്പുറമാന്ന ദൈവതം
മനസ്സുവെച്ചാൽ ഭവഭാരഭാണ്ഡം
കനത്തിടാതൊട്ടു ചമന്നിറക്കിടാം. 10

വിരിഞ്ചിമുഖ്യൎക്കു ജഗത്സ്വഭാവം
തിരിഞ്ഞുകാണുന്നതിനുള്ള ദൎപ്പണം
ഒരിക്കലീക്ഷിക്കണമെന്നിരുന്നു
മരിക്കിലും കണ്ടഫലംകിടച്ചിടും. 11

മറയ്ക്കു മൂലം മുനിമാൎക്കു മായം-
മറയ്ക്കു നാശത്തിനു മുഖ്യകാരണം
മറന്നിടൊല്ലേയതിനാൽ പ്രപഞ്ചം
മറന്നിടാൻ സംഗതി സംഭവിച്ചിടും. 12

കളങ്കപങ്കങ്ങളണഞ്ഞിടാത്തുൾ-
ക്കളത്തിലായോഗികളോൎക്കുമീശ്വരൻ
ഇളക്കമില്ലാതെ മനസ്സിൽവന്നു
വിളങ്ങണം നാമതിനാഗ്രഹിക്കണം. 13

വിളങ്ങുകജ്ഞാനതമസ്സൊഴിച്ചുൾ-
ക്കളത്തിലാനന്ദദനായ് നിരഞ്ജനൻ
തളൎന്നുതാപ്പൂട്ടിയ താമരയ്ക്കു
വെളുപ്പിനാദിത്യനുദിച്ചമാതിരി. 14

എരിഞ്ഞുകത്തുന്ന ഭവാതപത്താൽ
കരിഞ്ഞചിത്തംപെടുമെങ്കലച്യുതാ!
ചൊരിഞ്ഞിടേണം കരുണാമൃതം ഹാ!
പൊരിഞ്ഞവേഴാമ്പലിലംബുദംവിധം. 15

ജനിക്കലും ചാകലുമെന്ന തുള്ള-
പ്പനിക്കുപറ്റുന്നൊരു ചിദ്രസായനം
എനിക്കു തന്നീടണമാദിവൈദ്യ-
ജനിക്കു നീ മൂലമിവൻ ജ്വരാതുരൻ, 16

ചരാചരാലംകൃതമിജ്ജഗത്തു-
ചിരാൽച്ചമച്ചായതു കാത്തഴിപ്പു നീ
ശരിക്കു കട്ടിപ്പുരവെച്ചുകെട്ടി-
ബ്ബരിച്ചഴിക്കും മമ പൈതൽപോലവേ. 17
നടാമിവൻ ഭക്തിലതാമതല്ലി-
യുടൻ മനസ്സിൽക്കരുണാമൃതത്തിനാൽ
പൊടിക്കണംതാനതു പൂത്തുകാച്ചു-
കിടക്കണം ചിദ്രസപൂർണ്ണമാം ഫലം. 18
വളന്നിടും നിൻ കരുണാംബുവന്നുൾ-
ക്കളത്തിൽ വാഴ്ക്കും വിഷയകൃഷിത്തരം
കളഞ്ഞിടേണം; മലവെള്ളമെങ്ങും
വിളഞ്ഞ കന്നികൃഷിയെക്കണക്കിനെ. 19
പുകഠന്ന ലോകങ്ങളിലങ്ങുമിങ്ങും
പകന്നു കാണാതെ കളിച്ചിടുന്നു നീ
അകല്മഷാരാധിത! ബാലകന്മാർ
തകത്തൊ"ളിച്ചോപ്പി"കളിച്ചിടുംവിധം. 20
എടുത്തു കാലച്ചെറുചെപ്പുമായാ-
പടം നിവത്തിബ് ഭുവനങ്ങൾ പന്തുമായ്
അടുക്കിലാടും തവ ചെപ്പടിക്ക-
യ്യടക്കമെത്ര്യത്ഭുതമാദിപൂരുഷാ! 21
തളന്നുതാന്നെപ്പൊഴമീബ് ഭവാനെ
വിളിച്ചു വാവിട്ടു തൊഴിച്ചിടുന്നു ഞാൻ
ഇളക്കമെന്താകിലുമില്ലയോ ഹാ!
വെളിപ്പെടുത്തിത്തരണേ പരംപദം. 22

ഇത്തേവമോരോന്നു നിനച്ചു രാധാ-
പതേ! വസിക്കാമടിയൻ മരിക്കുകിൽ
സ്വതേ വിളങ്ങും വിമലം വിശിഷ്ടം
ജിതേന്ദ്രിയസ്ഥാനമണഞ്ഞണം ക്ഷണം. 23
ആരെന്തു ചോദിക്കുകിലും കൊടുക്കും
പേരാന്ന നാരായണനെന്നിവണ്ണം
ആരുംപുകൾത്തുന്നതു പാഴിലായാൽ
പ്പോരായ്മ ലോകേശ! ഭവാനുതന്നെ! 24
ചൊല്ലാനില്ലാത്തതായിച്ചിലചെറുപിഴ ഞാൻ
ചെയ്തതാച്ചിത്രഗുപ്തൻ
മല്ലാരേ! ചേർത്തിരിക്കാമവനെഴുതിവരും
നാൾവഴിബ്ബുക്കിലെങ്ങാൻ
നില്ലാതബ്ബുക്കുവാങ്ങീട്ടലിവിനൊടവിട-
ന്നൊക്കെനോക്കിപ്പിടിച്ചി-
ട്ടെല്ലാം വെട്ടിക്കളഞ്ഞീടുക വികൃതിയെട്ട-
'ത്തേറിടും'മുമ്പുതന്നെ. 25

---

II

ശ്രീകാമ,മീയവനിയിൽ ബഹുസക്തി ദിവ്യ
ശ്രീകാളുവാൻ കൊതിയിനിക്കിവയാണു ദുഃഖം
ആകാത്തതല്ലടിയനീട്ടരദിവ്യമൂർത്തേ!
ശ്രീകാന്ത! ഭ്രമണ! നിൻകൃപയുള്ള പക്ഷം 1
ജീവിച്ചിരിയ്ക്കുമിവനീവിധമെന്നുതന്നെ
ഭാവിച്ചിരുന്നുദിവസംകളയുന്നൊരെന്നെ

വേവിച്ചിടൊല്ല കരുണാകര! പാദപത്മം
സേവിച്ചിരിപ്പതിനു സംഗതിയാക്കിടേണം. 2
ചെന്താർശരൻെറ നിഗമക്കടലിൽ ജനിച്ച
സന്താനവല്ലിദയിതാവനിതാവിലാസം
എന്താവതെന്നെയിവിടെത്തകരാറിലാക്ക-
മെന്താമരാക്ഷ! തുണചെയ്യുക, ഞാൻ വലഞ്ഞു. 3
സംസാരവൃക്ഷഫലമായ കിടങ്ങൾ തൂകും
സംസാരവും വിവിധകമ്രവിലാസഭാഷ്യം
കിംസാര?മായതിലലിഞ്ഞടിയൻ വലഞ്ഞു
കംസാരി കാത്തരുളണം കലിബാധനീക്കി. 4
സന്താപസന്തതികളാം നിജപുത്രമിത്ര
കാന്താദ്യരന്തദുരിതക്കടലിൽ കളിച്ചാൽ
എന്താണെൻറന്തു; മടിയത്തിനൊരാധിവല്ലാ-
തെന്താമരാക്ഷ! വലയാനിടയാക്കിടൊല്ലേ. 5
ഇല്ലാ ശരീരസുഖമിന്ന,ളിവണ്ണ! നാളെ-
ച്ചൊല്ലാവതല്ലധൃതി, നമ്പരുടുത്ത പിറെറ;
എല്ലാറ്റിനത്തിലുമിതേനില; നാലു നാമം
ചൊല്ലാൻ നിനയ്ക്കിലിടയില്ലടിയൻ വലഞ്ഞു. 6
മല്ലാസുരാന്തക! മരിപ്പളവന്നു ഭാഗം-
ചൊല്ലാനിനിക്കിവിടെയുള്ളവരാരുമില്ല.
എല്ലാം ഭവൽക്കരുണയാണവലംബമേവ-
മെല്ലാമിരിക്കെ, മതിമായയിൽ മങ്ങിടുന്നു. 7
വല്ലാതെകണ്ടുവലയുന്ന ജനത്തിനങ്ങു-
ന്നല്ലാതെകണ്ടു ഗതിയില്ലതിനില്ല വാദം

ചൊല്ലാതെകണ്ടറിയാമവിടേക്കു പിന്നെ
വല്ലായ്മ കണ്ടതിവനെന്തിനുരച്ചിടുന്നു? 8

ക്ഷീണിക്കുമപ്പൊഴുതിലന്തകദൂതർ മുഷ്ക്ക-
കാണിക്കുമാർഗ്ഗധ്വവിലെന്നെവലച്ചിടാതെ
കാണിക്കണം കരുണ, യക്കുലരോടുടൻവ-
ക്കാണിക്കണം മുദിരവർണ്ണ! മുദം തരേണം. 9

ഈരേഴുലോകുമഴകിൽപ്പരിരക്ഷ ചെയ്തു
പോരേണ്ടഭാരമളിവർണ്ണ! ഭവാനിരിക്കെ
നേരേ കിടന്നു തലതല്ലുമിവൻെറ ദുഃഖം
തീരേണ്ടതായ വഴി കണ്ടരുളാത്തതെന്തേ! 10

വേദാർത്ഥമുള്ളിലറിയും കുറവറ്റ ശുദ്ധം
വേദാന്തികൾക്കുമറിയാനരുതാത്ത തത്വം
പാദാരവിന്ദമയി!തേ ഗതിയെന്നിരിക്കു-
മീദാസനായരുളണം പരതത്വമൂർത്തേ! 11

നന്ദാലയത്തിലലിവോടിടയക്കിടാവാ-
യ്ക്കന്നാലിമേച്ച കടൽവർണ്ണ! കൃപാവലേശം
പിന്നാലെവന്നടിതൊഴുന്നടിയത്തിനെത്ര
ചൊന്നാലുമേകിടുകയില്ലതു സങ്കടം താൻ 12

ആട്ടിപ്പിടിച്ചബലമാർ തിരുമേനി കൊട്ട-
യാട്ടിക്കളിച്ചു, വിജയൻെറ രഥം നടത്താൻ
ചാട്ടിമ്മലും കയറി,യെന്തിതെനിക്കു മാത്രം
പാട്ടില്ലെടില്ലടിയനും തവ ഭക്തനല്ലേ? 13

ദീനത്തിലോതിയൊരു പേമൊഴി നാമമാക്കി-
ധ്യാനിച്ചജാമിളനു മുക്തി കൊടുത്തതില്ലേ?

ആനന്ദവിഗ്രഹ! ദിനംപ്രതി ദിവ്യനാമ-
ഗാനം നടത്തുമിവ,നായതിനൊന്നുമില്ലേ? 14
വൃത്രാരിപൂജ്യനയി! നീയലിവോടധൎമ്മ-
പുത്രാൎത്തി തീൎപ്പതിനു ദ്രുതിന്നു പോയിയില്ലേ?
മിത്രാപദുദ്ധരണദക്ഷ! ഭവാനിദാനീം
കത്രാൎദ്രമാം ഹൃദയമെന്നെ വലച്ചിടൊല്ലേ. 15
കില്ലില്ല പാൎത്ഥി വിളിച്ച വിളിപ്പുറത്തു
ചെല്ലില്ലയോ കപടഗോപകുമാര! ശൌരേ!
ഇല്ലല്ലയോ കരുണയാശ്രിതനായൊരെന്നിൽ
തെല്ലല്ലലാണിതു;ഋതേ തവ പക്ഷപാതം. 16
തെണ്ടിക്കിടച്ചൊരരി നെല്ലു വറുത്തിടിച്ച
കൊണ്ടിത്തിരിക്കവിലുതന്നവനെപ്പലത്താം
വേണ്ടില്ല മട്ടയി! വിഭോ! പരമാന്നദാനം-
കൊണ്ടില്ലപോലുമലിവെങ്കലിതെന്തു ഞായം? 17
നേരിട്ടു നിൻ കരുണ ഭക്തജനത്തിനായി-
ക്കൂറിട്ട മാത്രയിലെനിക്കു തരാഞ്ഞതെന്തേ?
വേറിട്ടൊരാരാം ശരണമില്ല വിടില്ല പാദ-
ത്താരിട്ടലട്ടമലിവുള്ളിൽ വരും വരസ്സും. 18
ഞാനെന്നുമെന്നുടെയതെന്നുമകക്കരുന്നിൽ
തോന്നുന്നതോൎത്തിടുകിൽ മായയതെന്നറിഞ്ഞു
ആനന്ദവിഗ്രഹ! ഭവൽകൃപകൊണ്ടു തത്വ-
ജ്ഞാനം ലഭിക്കിലടിയൻ കൃതകൃത്യനായി. 19
കാറോടിടഞ്ഞ വളർകുന്തൽ, വിരിഞ്ഞൊരല്ലി-
ത്താരൊട്ടു തോററ വദനം, മൃദു മന്ദഹാസം,

മാറോടിണങ്ങിയൊരു കൌസ്തുഭ,മക്കപുത്രീ
നീരോടിടഞ്ഞ നിറമെന്നിവയെത്തൊഴുന്നേൻ 20

താരോമയങ്ങുമടിയും കുറവററ ഭക്ത-
ന്മാരോമനിക്കുമതിലെപ്പൊടിയും മുരാരേ!
നീരോമമാം തുടയുമിബ് ഭുവനങ്ങൾ തിങ്ങു-
ന്നാരോമകൂപനിരയും തവ കൈതൊഴുന്നേൻ. 21

ഏറെപ്പുകൾന്ന പുരികങ്ങളുമിഷ്ടഭക്ത-
ന്മാരെപ്പുണന്നു നിവരുന്ന കരങ്ങളുംതേ.
കൂറെപ്പൊഴും പൊഴിയുമാ മൊഴിയും ദുരാശ
തീരെപ്പൊരിപ്പൊരളകങ്ങളുമോത്തിടുന്നേൻ 22

ആക്കും മനസ്സലിയുമാമിഴിയും, പരേത-
ന്മാക്കും വിചിത്രമയിരേകുമപാംഗവുംതേ
ഓക്കും മനുഷ്യനു വരുന്ന വിപത്തുവേഗം
തീക്കും മനസ്സുമലിവും, കരുതിത്തൊഴുന്നേൻ. 23

ചില്ലൂതലേ! സകലമായ ചരാചരങ്ങൾ
തിക്കാതകണ്ടമരുമീയുദരത്തിനും ഞാൻ
നില്ലാതെ താണു തൊഴുതേൻ മമതാവശക്കേ-
ടൊക്കാതെ കാത്തരുളിടാതെ നിവൃത്തിയില്ല. 24

ഇക്കാണുന്ന ചരാചരം മുഴുവനും
കാണ്ണുന്ന കാലാഖ്യമാ-
യെക്കാലത്തുമെഴുന്ന ദിവ്യതരുതൻ
വേരായ നാരായണൻ

നില്ക്കട്ടേ തുണയായ് ദുരന്തദുരിതാ-
ഗാരത്തിലാപ്പെട്ടിനി-
ച്ചക്കിട്ടംതിരിയാതെനിക്കു പരമാ-
നന്ദം പുലൎന്നീടുവാൻ. 25

## III

കാറണിയും തിരുമുടിയിൽ
താരണിയും ഭംഗിയും കലേശൻെറ
കീറണിയും നിടിലവുമുൾ-
ക്കൂറണയുംമട്ടു ഞാൻ നിനയ്ക്കുന്നേൻ. 1

അളകം സന്തതമിളകി-
ക്കളിയാടും നെററിമേലെഴും പൊട്ടും
കളിയല്ല മാനസം ചെ-
ററിളകാതുള്ളത്തിലോൎത്തുകൊണ്ടാലും. 2

തല്ലും നല്ലൊരു തിര തല
തല്ലും ചില്ലിദ്വയം പരം ഭക്ത്യാ
അല്ലും പകലും കരുതുക
തെല്ലും കില്ലെന്നിയേ സുഖം കിട്ടും. 3

കരിമീനിൻ കരൾ കരിയും
തിരുമിഴിയും തൃക്കടാക്ഷവും മൊഴിയും
വരുമല്ലലൊക്കെയൊഴിയും
പരമൊന്നോൎത്താലുമപ്പൊഴുള്ളലിയും. 4

മൂക്കും സകല ജനത്തിനു-
മൂക്കു കൊടുക്കുന്ന നല്ല പുഞ്ചിരിയും

ചോക്കും മധുരാധരമതു-
മോർക്കുക ദുഃഖങ്ങൾ നീങ്ങുവാൻ നിത്യം. 5

കമലാചുംബനകലകൊ-
ണ്ടമലം സ്വകപോലമുള്ളിലോർക്കുന്നേൻ
കമലജമുഖസുഖനിർഗ്ഗത
വിമലശ്രുതിപൂർണ്ണകർണ്ണവും നിയതം. 6

തിങ്കളുമപ്പങ്കജവും
ശങ്കിക്കും രമ്യമായ തിരുവദനം
പങ്കമകന്നു നിനയ്ക്കുക
സങ്കടമാകെക്കെടും പെടും സൌഖ്യം. 7

നിസ്തുലയാം കാന്തിയെഴും
കൌസ്തുഭമണിയുന്ന കംബുകണ്ഠം ഞാൻ
വസ്തുത കരുതീടുന്നേ-
നസ്തു സദാനേരവും ചിദാനന്ദം. 8

ഭക്തനിടഞ്ഞു ചവിട്ടിയൊ-
രക്കലയും നല്ല താരിലെത്തയ്യും
തക്കമൊടരുളും തിരുമാ-
റുൾക്കളമതിലോർക്കിൽ ശുഭം കിട്ടും. 9

ഭുവനമശേഷം പ്രളയോൽ-
ഭവസമയത്തിച്ചുപോലമന്നീടാൻ
ഭവനമതാമുദരതലം
ഭവശമനത്തിന്നു നിത്യമോർക്കുന്നേൻ. 10

കടിയും നാഭിയുമിന്നൊരു-
പിടിയിലൊതുങ്ങുന്ന മദ്ധ്യവും നിത്യം
അടിയോളം മുട്ടി നില-
ത്തടിയും മഞ്ഞച്ചപട്ടുമോക്കുന്നേൻ. 11

ശ്രീകൊണ്ടു കാന്തിയേന്തും
ശ്രീകണ്ഠാനന്ദമാൎന്നിടുന്നൊരിടം
ആകല്പാടെയതിന്നക-
മാക നമിക്കാമെനിക്കതേ പരം. 12

മടിയിൽ ശ്രീയ്യാദേവകൾ
മുടിയിൽസ്സൂത്തുകൾ ചിത്തതാരിങ്കൽ
മടി വിട്ടു വെച്ചു വാഴു-
ന്നടിമലരല്ലോം നമുക്കൊരവലംബം. 13

മറയവരനവാരം ദുഃഖശാന്തിയ്ക്കുഹൃത്താ-
മറയിലധിവസിപ്പിച്ചോൎമാൎത്ത്യന്തഹീനൻ;
മറയുടെ മുരടായോ; നോക്കവോക്കൊക്കെമായാ-
മറയിലൊളിവിൽനില്ലോൻകാണുമാറായ്വരട്ടെ 14

## ദേവീസ്തവങ്ങൾ.

I

വിഷമിപ്പിപ്പൊരീമോഹവിഷയഭ്രമമേവനും
വിഷമാണതൊഴിക്കേണം വിഷമാക്ഷൻറവല്ലഭെ! 1
ആറണിത്തമ്പുരാൻവേട്ട കാറണിക്കുഴലാൾമണേ!
തീരണം ദുരിതം നന്മചേരണം നീ തുണയ്ക്കണം. 2

ഭുവനം മുഴുവൻ നന്നായവനം ചെയ്തിട്ടും ശിവേ!
ഭവനംകൈതൊഴും തൃക്കണ്ണിവനും തുണയംബികേ! 3

ദേവദാനവഗന്ധർവ്വദേവർഷിമനുപൂജിതേ!
ദേവി! നിൻതൃപ്പദം ഭൂമീദേവനാമിവനാശ്രയം. 4

തങ്കടാക്ഷജിതാശേഷസങ്കടേ! ശങ്കരപ്രിയേ!
വങ്കടൽക്കൊത്തുസംസാരസങ്കടം തീർക്കണം മമ. 5

അക്ഷിയിൽക്കാമനെച്ചുട്ടാ ത്ര്യക്ഷനെത്താർശരത്തി (നാൽ
ശിക്ഷിച്ചനിൻമിഴിക്കോണിൻ ദക്ഷതസ്സുഗജേ! തൊഴാം

സ്മരനെച്ചുട്ടുപൊട്ടിച്ച ഹരനെപ്പാട്ടിൽവെച്ചനീ
തരണേകൃപ സംസാരതരണേ തുണയാകണേ. 7

അരുതേ ഭവസംസാരവിരുതേ! ഭവസങ്കടം
കുരുതേ പുരുകാരുണ്യം ചെറുതെന്നിലഗാത്മജേ! 8

ജാതകർമ്മംമുതല്ക്കുന്നിൽ ജാതകർമ്മങ്ങളൊക്കയും
പാതകക്കുണ്ടിലേക്കുള്ളാപ്പാതകാണാതെയാക്കണം. 9

പിരിയാതുള്ളസംസാരപ്പെരിയാററിൽക്കിടന്നുഞാൻ
തിരിയാഴ്വാൻ ശിവേ! തൃക്കൺതരിയാക്കിത്തരേണമേ.

മായേ! കാശ്മീരസങ്കാശകായേ! കാലത്തുനിത്യവും
തായേ! കാണേണമേശംഭുജായേ! കാമ്യകളേബരം.

തുലയേലാത്തതൃക്കണ്ണിൻ നിലയെത്തന്നെനിത്യവും
കലയേകുരുകാരുണ്യം മലയേററുലയും കുചേ! 12

## II

അഭവവും ഭവവും തരുമീശനാം
വിഭുവിനീ ഭുവിനീ സുഖസാധനം

വിഭവമോ ഭവമോഹിനിതാവകം
ത്രിഭുവനേ ഭുവനേശ്വരി! വിസ്മയം 1

ശരണമേ ശശിശേഖരവല്ലഭേ!
തരണമേ ഭവസങ്കടമോചനം.
മരണമോ മമ തൃപ്പദസംഗമാ-
സ്മരണ,മോരണമോങ്കൃതിവിഗ്രഹേ! 2

അതിരകന്നതിദുസ്സഹദുസ്തര
സ്ഥിതിയിലല്ലിഭവാമയമേവനും
അതുനിമിത്തമിനിക്കിനിയല്ലലെ-
ന്നതരുതേ തരുതേ കരുണാമൃതം. 3

ഹരമനസ്സൊരു പുഞ്ചിരികൊണ്ടുതാ
നരമിളക്കിയപർവ്വതകന്യകേ!
പരമിനിക്കിനി നന്മവരുംവിധം
വരമുദാരമുദാ തരണം ശിവെ! 4

പുരുഭവാനലദാഹമിതേറുണ്ടാ-
നരുകിടുന്നു ദിവാനിശമംബികേ!
തിരുമിഴിക്കൂടിയിൽക്കളിയാടിടും
കരുണ,ദാരുണദാഹമിതാററണം. 5

കമലസംഭവനും ഭവനും തൊഴു-
ന്നമലമാം തവ തൃപ്പദപല്ലവം
മമ മനസ്സിലിരിക്കണമെപ്പൊഴും
വിമലകോമളകോടിശശിപ്രഭേ! 6

ഭവസമുത്ഭവബാധയൊഴിച്ചിടും
ശിവസുഖങ്കരി! ശങ്കരി! ഞാൻതൊഴാം
ദിവസവും തരണേ കരുണാർദ്രമാം
നവസുധാ വസുധാധരകന്യകെ! 7

ദമശമാദിഗുണങ്ങളിണങ്ങണം
മമ സുഖം വരണം തരണം ശിവേ!
വിമലമാം തവ സൽകൃപയായിട്ട-
ന്നമൃതമാ മൃതമാരസുഖപ്രദേ! 8

ഭുവനസുന്ദരി ഭൂതികളാർന്നിടും
ധ്രുവപദം ധുതകല്മഷമേകണം
ഇവനൊരാശ്രയമില്ല ഭവാനിതാ
നവനമാം വനമാലിതൊഴുംശിവേ! 9

തരണദുർഘടമെത്ര ഭയങ്കരം
ശരണമററഭവാബ്ധി കടക്കുവാൻ
തരണമേ മമ നിൻകൃപയായിടും
തരണിനീരണിനീലഗളപ്രിയേ! 10

ഉദിതസൂർയ്യകരാരുണകാന്തിയാ
ർന്നതിമഹത്വമെഴുംതിരുമേനിഞാൻ
മതിവിശുദ്ധിവരാൻകരുതുന്നു തേ
ഹൃദിസദാദി സദാശിവവല്ലഭേ! 11

സകലനായകനായപുരാരിതൻ
പുകൾപുലർന്നപുരാതനപുണ്യമേ!

സകരുണംകലുയേണമിനിക്കെഴ-
ന്നകമലം കമലം പണിയുംപദം 12
നവനവം വനവഞ്ജുളകോമളം
ഭുവനപാവനപാദതലം തവ
ഇവനുമേ വനമേററവുമോക്കിലി-
ന്നവനമേവനമേചക കുന്തളേ! 13

III

ഉണ്ടാക്കിക്കാത്തൊടുക്കുംവിധി, ഹരിഹരരിൽ
കേവലംശക്തിയായി-
ക്കൊണ്ടാടിക്കൊണ്ടിരുന്നിപ്പണികളഖിലവും
ചെയ്തുപോരുന്നതായേ!
ഉണ്ടായിക്കൊണ്ടിരിക്കും ഭവഭയമിയലാ-
തുള്ളമാഗ്ഗത്തിലെന്നെ-
ക്കൊണ്ടാക്കിക്കൊള്ളുകമ്മേ! മതിമതിമതിയാൻ
കെട്ടസംസാരസൌഖ്യം. 1

ഞാനാരാണാദ്യകാലംമുതലൊരുസുകൃതം
ചെയ്തിടാതുള്ളമൂഢൻ
താനായ്യേ!നിൻപദോപാസകരജമുഖരാം
വിശ്വകത്താക്കളല്ലോ;
നാനാലോകങ്ങൾനിൻചൊല്പടിയിലതുവഴി
ക്കെന്നെനീതന്നെരക്ഷി-
ക്കാനാണേതക്കഞായം; പിഴകളിലിവനോ
ചട്ടകപ്രായമമ്മേ! 2

MAR. 19 9 MADRAS

കെല്പുംളുംലോകസൃഷ്ടി സ്ഥിതിലയമിവകൾ-
ക്കാദിമൂലംനിനച്ചാൽ
തൃപ്പാദാബ്ജത്തിലൊക്കുംപൊടിയുടെമഹിമാ
വിൻെറലേശൈകദേശം
ഇപ്പാവംചേവടിഞ്ഞാരടിയിലടിമയാ-
കേണമെന്നാഗ്രഹിപ്പു,
തപ്പാണോതമ്പുരാട്ടീ! കൊതിയടിയനുണ-
ത്തിച്ചുഭാരംകഴിച്ചു. 3

ദാരിദ്ര്യക്കാട്ടുതീക്കത്തിനുമഴ;പിടിയാ-
ത്തോർക്കുണച്ചുക്കമൂലം;
പാരിച്ചജ്ഞാനികൾക്കുൾത്തെളിവിനു തുലയ-
റ്റുള്ള തേജോവിശേഷം;
നേരില്ലാത്താഴമൊക്കും ഭവജലധി കട-
ന്നീടുവാൻ കപ്പ;ലേവം
പാരിൽപ്പാരം വിളങ്ങും പദലസിതപരാ-
ഗത്തിലത്യാഗ്രഹം മേ. 4

“ആവശ്യക്കാർ ദിവൌകസ്സുകളിതിനിവനോ-
മത്ത്യ”നെന്നോക്കുവാനോ
ഭാവം പെററമ്മയേക്കാളുലിവഴലറിയി-
പ്പോരിലുള്ളോരു തായേ!
നീ വച്ചാൽവച്ചമട്ടാണഖിലവുമതിലി-
ന്നാരെതിക്കുന്നു; ഞാനോ

പാവംഘോരംഭവാംഭോനിധിയിലുഴലുവോ,
രെന്നെയൊന്നോക്കുകമ്മേ! 5

അക്കൺകോണം, ചലൽചില്ലികൾ, വരദവരാ
ഭിഖ്യചേർന്നുല്ലസിക്കും
നൽക്കണ്ണിത്യാദിയാലേ ഭുവനപതികൾസം
ധുക്കൾദാതാക്കളമ്മേ!
ഉൾക്കമ്പംതീർത്തുമിച്ഛിപ്പതിലുമധികമാ
സ്സൗമമാക്കംകൊടുത്തും
ചിൽക്കമ്രാഭേ! ജയിപ്പൂ തവമഹിമയെഴും
തൃപ്പദാബ്ജം പവിത്രം. 6

തൃക്കണ്ണിൽ കാമനെച്ചുട്ടവനുടെതിരുമു
മ്പാകെവെച്ചിട്ടുടൻ നിൻ
തൃക്കൺകോണൊന്നിളക്കി സ്മരനെയഴകിലു
ണ്ടാക്കിവാഴിച്ചതായേ!
മുക്കണ്ണപ്പാതിമെയ്യേ! ഭഗവതി! ഭവതി
ക്കിപ്രപഞ്ചംമുടിക്കാം,
വെക്കം വേറേചമക്കാം, കരുതുകിലരുതാ-
തില്ലലോകത്തിലൊന്നും. 7

കാമൻ നിൻകണ്ണിലുണ്ടായവ, നതിനൊരുസ
ന്ദേഹമില്ലിത്രിലോകം
കാമംമല്ലിട്ടമത്തിബ് ഭഗവതി! വിളയാ-
ടുന്നു കൊള്ളാമനംഗൻ;

സാമർത്ഥ്യം കേമമഞ്ചമ്പ,ളിനിരഗ്ഗുണമാ
ന്നുള്ളപൂവില്ലി;ല്ലംകാ
റോമൽത്തേരാ;വസന്തം സഖി; തവകൃപയു
ള്ളാളുകൾക്കെന്തസാദ്ധ്യം? 8

ദോഷാംശംവിട്ടെഴും മാമുനിവരരണിമാ-
ദ്യഷ്ടസിദ്ധിക്കുവേണ്ടി-
ത്തോഷാൽനിത്യംജപിക്കും തവ മഹിമപുക
ഴ്ത്തുന്നമന്ത്രത്തിനെല്ലാം
ശേഷാംശേപള്ളികൊള്ളും വിഭുപരനൃഷിയാം
കുന്നുഞാൻകൂട്ടരെന്തോ
യോഷാമാണിക്യമേ! നിൻകഥകളറിയുമെ-
ന്തോർത്തുമെന്താണൊരന്തം? 9

ഓങ്കാരാർത്ഥപ്പരപ്പാം നിഗമതരുവിൽനി
ന്നുത്ഭവിക്കുംഫലൌഘം
താങ്കാക്കൽക്കാഴ്ചവെയ്പ്പാൻ മുനിവർസമയം
കാത്തുതിക്കുംതിരക്കിൽ
ഞാങ്കാമിക്കുന്നു ചൊല്ലാൻ; തവവിമലകടാ
ക്ഷാളിജാലംകളിക്കും
മൃങ്കാവക്കീട്ടയച്ചാലടിയനെയവര
ഞ്ഞേതിടത്തും കടത്തും 10

— * —

# ദീനാക്രന്ദനസ്തവങ്ങൾ.

## I

ചെരിപ്പിട്ടതാതൻ കുറഞ്ഞൊന്നുലാത്തി-
ത്തിരിച്ചിങ്ങുവന്നിട്ടുത്തൂരുന്നനേരം
എരിഞ്ഞെന്നുതോന്നീട്ടുനോക്കുമ്പൊളന്നാ-
ളുരിപ്രായമല്പം ക്ഷതംകണ്ടുകാലിൽ. 1

ഉണങ്ങാതെവൎദ്ധിച്ചു വൎദ്ധിച്ചുവന്നാ-
വ്രണംപിന്നെയക്കാലിലൊക്കെപ്പരന്നു
വണങ്ങാനെനിക്കുള്ള തൃപ്പാദപത്മം
ക്ഷണംകൊണ്ടുകഷ്ടം പഴുത്തുടപാടായ്. 2

കറുക്കുംവ്രണത്തിന്നുചുററും ചുവക്കും
കറുപ്പിന്നുചുററും ക്ഷണംകൊണ്ടുപിന്നെ
കറുത്തുള്ളതൊക്കെപ്പഴുക്കും ചുവപ്പോ
കറുക്കും പഴുക്കും ചുവക്കും കറുക്കും 3

കഴപ്പുണ്ടുചുട്ടാവതിപ്പുണ്ടുനീരു-
ണ്ടഴല്പെട്ടുവല്ലാതെയൊന്നന്തരംഗം
വഴക്കിട്ടുവാക്കുന്നദീനംനിമിത്തം
കുഴക്കത്തിലായിക്കിടപ്പായിതാതൻ. 4

മനംകൊണ്ടുതൃക്കാൽനിലത്തൊന്നുവെക്കാൻ
നിനക്കുന്നതായാൽ വിറക്കുംശരീരം
അനങ്ങാനുമാളല്ലകണ്ണീർക്കണത്താൽ
നനക്കുന്നുതാതൻ വിരിപ്പും പുതപ്പും 5

നിരങ്ങിക്കുഴങ്ങിച്ചുയിപ്പിൽഗ്ഗമിച്ചും
തരംകെട്ടുനിശ്വാസമാന്റും കിതച്ചും
പരംതാതനേന്തുന്നസന്താപമിഞ്ഞാ-
നരച്ചാലൊട്ടങ്ങില്ല ദൈവംസഹായം. 6

ഫലിയ്ക്കില്ലവൈദ്യങ്ങൾചെയ്യുന്നതൊന്നും
വലിപ്പംവ്രണത്തിന്നു കൂടുന്നുനിത്യം
കലിപ്രാഭവംതന്നെ! കണ്ടിട്ടുകണ്ണീ-
രൊലിക്കുന്നുവല്ലാതെ ഞാനുംകുഴങ്ങി 7

നിദാനംമഹാത്മ്യമയ്യോ! കടപ്പം
ഗദാരംഭമിക്കാര്യമോക്കുന്നതായാൽ
സദാകർമ്മമെന്നുംത്രിദോഷോത്ഥമെന്നും
നിദാനംനിനയ്ക്കാതിരിക്കാൻപ്രയാസം. 8

വഴിയ്ക്കോത്തുതൈയ്ക്കാട്ടു നാരായണൻമൂ-
സ്സൊഴിയ്ക്കാതെനിത്യം ചികിത്സിച്ചിടുന്നു
മിഴിക്കുംവശംകെട്ടുരോഗങ്ങൾപേടി-
ച്ചൊഴിയ്ക്കാതിരിയ്ക്കില്ലമൂസ്സെന്നുകേട്ടാൽ 9

പണത്തിൽപ്പിശുക്കില്ലമൂസ്സിന്റെപാദം
വണങ്ങുംനിദാനം നിദാനങ്ങളോത്തും
കണക്കായിരിക്കുന്നുമൂസ്സിന്റെചൊൽക്കീ-
ഴിണങ്ങിസ്സദാനേരമച്ഛൻസധൈര്യം 10

മരുന്നിന്നുതെന്നാജ്ഞനല്കുന്നതായാൽ
വരുത്തിക്ഷണത്തിൽക്രമംപോലെയെല്ലാം.

ഒരുക്കിക്കൊടുക്കാൻ മിടുക്കം വെടുപ്പും
കരുത്തും പെടും ശിഷ്യവൎഗ്ഗം സുഭിക്ഷം 11

വ്രണത്തിന്നുവേണ്ടുന്ന ശുശ്രൂഷ ചെയ്യും
വണക്കത്തോടെപ്പോഴുമെല്ലാററിനും ഞാൻ
തുണയ്ക്കായിനില്ക്കുന്ന സൂക്ഷ്മം നിനച്ചാൽ
ക്ഷണം കൊണ്ടു ദീനം സുഖപ്പെട്ടിടേണം 12

മനുഷ്യപ്രയത്നത്തിലാകുന്നതെല്ലാം-
മനുഷ്യർ തമിഞ്ഞങ്ങൾ ചെയ്തിട്ടുമിപ്പോൾ
മനുപ്രഖ്യനച്ഛന്റെ സൌഭാഗ്യമോലും
തനുത്തായ്മ വാടുന്നു കാലാരിജായേ! 13

മതിത്തെല്ലു ചൂടുന്ന മാരാരിമാനി-
ച്ചതിസ്നേഹമൎദ്ധാംഗമൎപ്പിച്ചതാഃയ!
സ്തുതിക്കുന്നു ഞാൻ നിന്നെയച്ഛന്റെ രോഗ-
സ്ഥിതിക്കുള്ള മൂലം സമൂലം മുടിപ്പാൻ 14

സദാചാരമാൎഗ്ഗത്തിൽനിന്നാത്തമോദം
സദാനന്ദരൂപം നിനയ്ക്കുന്നൊരച്ഛൻ
ഗദാക്രാന്തനായിക്കിടക്കുന്നു കഷ്ടം!
ചിദാനന്ദസത്തേ! വിചാരിക്ക ചിത്തേ! 15

കഷായം ഘൃതം തൊട്ടു ഭൈഷജ്യമേറെ-
ക്കഷായത്തിലാക്കുന്നിതച്ഛന്റെ ദീനം
വിഷാവേശമെന്നുണ്ടൊരാശങ്ക, യെല്ലാം
വിഷാശിപ്രിയേ! നീ തുണച്ചാൽ ജയിച്ചു. 16

തൃഷാഗ്നിജ്വലജ്ജ്വാലതട്ടുന്നമട്ടിൽ
കഷായിപ്പൊരച്ഛൻെറ ശല്യംശമിപ്പാൻ
“പിഷാരിക്കു”ലമ്മേ! കൃപാമ്പൂരമാകും
തുഷാരോദകംവാർത്തുവീഴ്ത്താനപേക്ഷ. 17

പ്രഭാതത്തിൽമുങ്ങിക്കുളിച്ചുത്തുനിത്യം
ശുഭാവാപ്തികർമ്മിച്ചുനിന്നെന്നബ് ഭജിച്ചാൽ
സ്വഭാവംവിശേഷം! ഗദപ്രാപ്തിദിവ്യ-
പ്രഭാകാന്തകായേ! ഫലം, കാലഭേദം!! 18

പണിഞ്ഞില്ലയോതാതനാക്ഷേത്രമേറെ
പ്പണിഞ്ഞില്ലയോ നിൻെറ പാദാരവിന്ദം?
പണിപ്പെട്ടുകേഴുന്നിതബ് ഭക്തനിപ്പോൾ
ഗ്ഗുണിക്കുംതിരിക്കുന്നതെന്താണിതൊന്നും? 19

കഴിഞ്ഞുള്ളജന്മത്തിലാർജ്ജിച്ചപാപം
വഴിക്കാണുരോഗങ്ങളെന്നാലുമാർയ്യേ!
മിഴിക്കോണിളക്കിക്കടാക്ഷിക്കുമപ്പോ-
ളൊഴിഞ്ഞങ്ങുപോകാത്തദീനങ്ങളുണ്ടോ? 20

ഉദാത്താനുദാത്തങ്ങൾതെററാതെയച്ഛൻ
പദാന്തംനിതാന്തം മറച്ചൊല്ലിനാലേ
മുദാസേവചെയ്യുന്നൊരാളല്ലി? കഷ്ടം
ഗദാക്രാന്തനായപ്പൊളമ്മേ! മറന്നോ? 21

ചലിപ്പെന്നിയേ ഹന്ത! ചെയ്യുന്ന പുഷ്പാ-
ഞ്ജലിക്കും നതിക്കും ഫലം നൽകിടാതെ

വലിച്ചിട്ടു ദുഃഖാർണ്ണവത്തിങ്കലേവം;
കലിപ്രാഭവത്തിൻ വലിപ്പം കടപ്പം! 22

അടക്കോടുലോകങ്ങൾസൃഷ്ടിച്ചുരക്ഷി-
ച്ചൊടുക്കുന്നവൻ പ്രപഞ്ചത്തിലാക്കും
പടുത്വംകൊടുക്കുന്ന ചിൽശക്തിയാംനീ
പൊടുക്കെന്നുമാറേണമല്ലൽറ ദീനം. 23

അടങ്ങാതെ വർദ്ധിച്ച ദുഃഖാർണ്ണവത്തെ
കടക്കാൻകുഴങ്ങുന്നൊരച്ഛൻറനേരെ
കടക്കണ്ണൊരിശ്ശൽ ജഗന്നാഥജായേ!
കടത്തായിനീട്ടിക്കൊടുപ്പാനപേക്ഷ 24

പുരാരാതിദേവൻറ ഭാഗ്യംജഗത്തി-
ന്നൊരാധാരമായീടുമോങ്കാരസാരം
പരാനന്ദരൂപംഗദാക്രാന്തനച്ഛൻ
നിരാതങ്കനായിട്ടിരിക്കാൻ സ്മരിക്കാം. 25

ഈ വണ്ണം ദീനദീനം മുറയിടുമിവനിൽ
പ്രീതയായ്, ദീനനായി-
ബ് ഷാവം മാറിക്കിടക്കും ജനകനിച്ചസിതാ-
പാംഗമാത്താനുകമ്പം
ശ്രീവന്ദിക്കുന്നശംഭുപ്രണയിനിവിരവിൽ
ചേർത്തു കാലുമ്മൽ വല്ലം-
താവത്തംപോലെ വാക്കും വ്രണമതിനുടനെ-
ത്തന്നെവാട്ടം തുടങ്ങി. 26

II

തെരുതെരെ നെടുവീപ്പി'ട്ടാവുവമ്മേ വലഞ്ഞു'-
ന്നരുളിയവശനായിക്കാൽ പിടിച്ചുതീയ്യതി
പുരുരുജ സഹിയാഞ്ഞിട്ടന്നെ നോക്കുന്നിതച്ഛൻ
തിരുവടി; ഗുരുവായൂരമ്പുമെൻ തമ്പുരാനേ! 1

ഒരുവഴി നിരുപിച്ചെന്നാകിലും വന്നുകൂടാ-
നരുതരുതവിടെയ്ക്കീ മാതിരിയ്ക്കുള്ള ദീനം;
ഒരു ശരണവുമില്ലാതിവിധം നിന്റെ ഭക്ത-
ക്കൊരുതൊടുകുറിയാമിസ്സാധു കഷ്ടപ്പെടാമോ? 2

കരുതുക ചിലതെററീയച്ഛനുണ്ടെങ്കിലും നി-
ന്തിരുവടിയിതുചെയ്യാൻ വയ്യ, ഞാൻ തന്നെ ചൊല്ലാം
ഒരുമറുതിരുമാററത്തുള്ളതായ്ക്കേട്ടിരിപ്പു-
ണ്ടരുതരുതവിടെയ്ക്കീവ് ഭക്തരിൽ പക്ഷഭേദം. 3

നിജദുരിതചയത്താൽ കാലിലൂക്കൻപഴുപ്പും
രുജയുമിയലുമച്ഛൻ നിമ്പദം കുമ്പിടുമ്പോൾ
വിജയനുടെ രഥത്തിൽ സൂതനായിട്ടിരുന്നോ-
രജനുത! പരിരക്ഷാഭാരമേൽക്കേണ്ടതല്ലേ? 4

നിയതിയിൽ മതിയ്യുന്നും താതനീരക്തവാതാ-
മയമതിലുഴലുന്നു, നിന്റെ ഭക്തന്റെ ദീനം
നിയതമറിക മേപ്പത്തൂരെഴും ഭട്ടപാദ-
പ്രിയ! ഝടിതിയകററാൻ ന്യായമുണ്ടോർത്തുകണ്ടാൽ. 5

അനുദിനമവിടുത്തെദ്ദിവ്യനാമങ്ങൾ മോക്ഷ-
ത്തിനുകരുതിയുരയ്ക്കും താതനോ ദീനനായി

അനുഭവമിതുകൊള്ളും നല്ലമട്ടായി ദീന-
ത്തിനു കുറവു വരുത്താൻ ഭാവമില്ലെന്നുറച്ചോ? 6

ഒരു കുലടയെ വേട്ടും നിത്യകർമ്മങ്ങൾ വിട്ടും
ഗുരുനിലയനമേറിക്കട്ടു മദ്യം കുടിച്ചും
മരുവുകിലൊരു നാമം ചൊല്ലിയാൽ നീകടാക്ഷി
ച്ചരുളു;മിതുനിനച്ചില്ലല്ലു നിന്നേവരെസ്സും 7

ഉദയമതിനു മുമ്പിൽസ്സന്ധ്യയുത്തോക്തമാദ്യം
പദ,മരിയസഹസ്രാവൃത്തി നിത്യം നടത്തും;
ഉദധിശയന! നിന്നെഗ്ഗീതയോതിസ്തുതിക്കും;
ഹൃദയദയ നിനക്കില്ലല്ലി? നീ താൻ കൃതഘ്നൻ. 8

അകലുഷമതിതാതൻതാനുമിത്താഴ്ചക്കൂട്ടം
മകനുമവിടെയിന്നാൾ വന്നു സേവിച്ചു നിന്നെ.
അകമതിലതുകൊണ്ടും പ്രീതിയില്ലാത്തശുദ്ധം
പകയനടിപിടിച്ചാൽ കാലിളക്കിച്ചവിട്ടും. 9

ശിവ! ശിവ! ഭഗവാനേ! താതനീ വന്നുചേർന്നോ-
രവശതയതുകണ്ടിട്ടമ്പരന്നന്ധനായി
തവമഹിമമനസ്സിൽത്തെല്ലുമോർക്കാതെ ജീവ-
ല്ലവമിവനരിയാടിപ്പോയിയല്ലും കടപ്പും. 10

തരിക തരിക മാപ്പിത്താതപാദങ്ങൾ നട്ടം-
തിരിയുമളവിലെന്തോ ചൊന്നതിന്നിന്നശേഷം
പെരിയൊരുദുരിതാംഭോരാശിയിൽപ്പെട്ടു ചുററി-
ത്തിരിവതിനിടയാക്കാതെന്നെ രക്ഷിച്ചിടേണം. 11

മറയിലിയലുമത്ഥം, മംഗളാംഭസ്സിരിക്കും
നിറകുട,മഴലാറും കേവലാനന്ദസാരം,
പിറവിമൃതിയിവയ്ക്കുള്ളാദിമൂലം, മഹത്വം
പറയുക വിഷമംതേ, താതനെത്താങ്ങിടേണം. 12

പരമറിയുകതാതൻ സങ്കടാംഭോധിമദ്ധ്യ-
ത്തിരയിലുഴറി നീന്തിത്താന്തനായ് തീൎന്നുവല്ലോ.
കരകയറുവതിന്നായച്യുതാനന്ത! വിശ്വം-
ഭര! തിരുമിഴിയാകും കപ്പലേറ്റിച്ചിടേണം. 13

ശനിപിഴയതുകൊണ്ടാണിപ്പഴപ്പും, കുഴപ്പും,
പനിയു,മധികമായിക്കാണ്മതെന്നുണ്ടുപക്ഷം
ജനിമൃതിയതിലേക്കും നാഥനായുള്ള നീ താൻ
കനിയുക, കനികുത്തിപ്പായണം കാലദോഷം. 14

അഹരഹമവിടുത്തെപ്പാദസംസേവചെയ്തോ-
ൎക്കിഹപരമഴലാറും; മാറുമാതങ്കമേറ്റും;
മഹദഭിമതമേവം; താതനാതങ്കമാകും
ദഹനനിലുഴലാനിന്നെന്തുബന്ധം മുരാരേ!? 15

"കടുരുജ സഹിയാഞ്ഞിട്ടുള്ളുപൊള്ളുന്നുദേഹം
കിടകിടെ വിറപൂണ്ടീടുന്നു ഞാനോ കുഴഞ്ഞി
കടുകിട കുറവില്ലിക്കാലിലയ്യോ! പഴപ്പും
കെടുതിയുമരുതേ,വന്നുണ്ണി! കാലിമ്മേലൂതു!!" 16

"ഒരുവിധവുമനങ്ങാൻ വയ്യ, കാലൊന്നു നീക്കു,
വരു വരു, തലതാങ്ങു, കൈപിടിയ്ക്കു, കിടത്തു,

പുരുരുജ നിലകുത്താനാടിയോരെണ്ണയല്പം
തരു, വിശറിയെടുക്കു, വീശു, കണ്ണീർ തുടയ്ക്കു." 17

"പ്രണവമിടകലത്തിക്കൃഷ്ണനാമം ജപിച്ചേൻ
വ്രണമിതു തടവിക്കൊണ്ടുണ്ണിയൂത്തു പതുക്കെ.
ഘ്രണമതിനു കിടക്കും, ഹന്ത! ഞാൻ തോററു, നാരാ-
യണ! ചുളുചുളിനെക്കത്തമ്പ വയ്യേ സഹിപ്പാൻ." 18

"ദുരിതമൊരുചെരിപ്പിട്ടോമനേ! കാലിലിന്നാ-
ളരിമണിയിടകോറിക്കണ്ടതിന്നൊന്നു നോക്കു.
ഹരി! ഹരി! തലചുററും കാണുവോക്കെന്റെ കണ്മ-
ത്തിരികുഴിയുടെ വട്ടം, കണ്മനന്ധം കടപ്പം!!" 19

ഇവപലതുരചെയ്യുന്നാച്ഛനിഷ്ഠങ്ങൾ ചെയ്യും
ശിവ ശിവ! നില കിട്ടാഞ്ഞെന്തിയേന്തിക്കരഞ്ഞും.
ദിവസമിരിപതായീ കണ്ണടക്കാതെയും ഞാൻ
ഭവഭയഹര! കഷ്ടപ്പെട്ടു കേഴുന്നിതയ്യോ! 20

തിരുവടിയുടെ ഭക്തൻ താതനും ഞാനുമയ്യോ!
കരുണ നഹി, കടപ്പം! ഭക്തദാസൻ ഭവാനും
കരുതുക ചളിയിൽത്താൻ തള്ളി നീളെത്തെറിപ്പി-
ക്കരുതിതുവിധമായാലാരുനിന്നെബ്ഭജിക്കും? 21

അടവുകളുരചെയ്യും കട്ടതിന്നും വ്രജസ്ത്രീ-
തടമുലയിണപുൽകിദ്യൂത്തടിച്ചും കളിച്ചും
അടവിനൊടനുവാരം പൈക്കളേ മേച്ചുവാണോ-
രിടയനു കൃപയുണ്ടോ? ഭക്തവാത്സല്യമുണ്ടോ? 22

നലമൊടുമുലനൽകും പെണ്ണിനെക്കൊന്നവൻ; മാ-
തുലനുടെ കഥ തീർത്തോൻ; ഗോപിമാർ കെട്ടിയിട്ടോൻ;
കുലയൊരുപടി ചെയ്തോൻ; താതനെന്താങ്ങുമെന്നോ-
ത്തലമുറയിടുമെന്നെ ദ്ധിക്കരിക്കുന്നു ഞാൻതാൻ. 23

ഇവനഴലനുവാരം താതനേറുന്ന കണ്ടു-
ള്ളവശതയതിനാലേ തൻറിടം വിട്ടിവണ്ണം
ശിവ! ശിവ! വഷളായി, പിന്നെയും ഞാൻ കടന്നി-
ബ്ഭുവനഗുരുവിനെത്താൻ ചീത്ത ചൊല്ലാൻ തുടങ്ങി 24

തിരുവടിയുടെ ദാസൻ തന്റെ ദാസന്റെ ദാസ-
ക്കൊരുവിടുപണി ചെയ്വാൻ യോഗ്യനല്ലാത്തൊരീഞാൻ
ഒരുപടി പിഴ ചൊല്ലിപ്പോയി; യെല്ലാം ക്ഷമിച്ചി-
ന്നരുളുക മമ താതന്നായുരാരോഗ്യസൌഖ്യം. 25

തിരുവടിയുടെ തത്വജ്ഞാനമുണ്ടാകുവാനായ്-
ക്കരുതിവിഷയസംഗം വിട്ടു കാട്ടിൽക്കരേറി-
പ്പുരുതപമതു ചെയ്യും മാമുനീന്ദ്രർക്കുമൊക്കാ-
ത്തൊരു കഥയറിയാത്തോൻ, പാപി ഞാൻ തന്നെ
(മൂഢൻ 26

ഗുരുപവനപുരത്തിൽ ദ്ദീനരക്ഷയ്ക്കൊരുങ്ങി-
ട്ടരുളുമൊരു വിടുന്നീയെന്റയച്ഛന്റെ ദീനം
ഒരു ഞൊടിയിടകൊണ്ടിന്നാശു ശമിപ്പിച്ചിടാഞ്ഞാൽ
വരുവൊരു വരവെന്തോ, ദേവ! നീതാൻ സഹായം. 27

പുരുരുജ സഹിയാഞ്ഞിട്ടന്ധനായ് വീണുരുണ്ടും,
തെരുതെരെയെഴുന്നേറ്റും, വീണ്ടുമൊട്ടൊട്ടുരുണ്ടും,

ഗുരുവരനുഴലുന്നൂ, സച്ചിദാനന്ദ! വേഗം
വരു, കരുണത്തുളിക്കു, കാലുണക്കാൻ ശ്രമിക്കൂ. 28

കുളി,യശന,മുറക്കം, പാനമിത്യാദിയില്ലി-
ത്തളിരൊളിമൃദുമേനിത്തയ്യു തൻപോലെ വാടി.
അളിനിറമുടയോനേ! കൃഷ്ണ! നീ വന്നു വേഗം
കളിപറയുകയല്ലെൻ താതനെത്താങ്ങിടേണം. 29

വടിവൊടു ഗുരുവായൂരമ്പിടും തമ്പുരാൻത-
ന്നടിമലരിണകൂപ്പീട്ടേവമത്ഥിച്ചനേരം
ഝടിതിജനയിതാവിന്നിപ്പൊളാപ്പെട്ട മാല-
പ്പിടിയകലെയൊഴിച്ചെൻ സങ്കടം തീൎത്തുതന്നു. 30

ഘൃണയൊടുഗുരുവായൂരപ്പനാമാദിനാരാ-
യണനുടെ കൃപയാലേ വൈദ്യവിദ്യാവിദഗ്ദ്ധൻ
ഗുണഗണനിധിതെയ്യാടേകിടുന്നാമരുന്നീ-
വ്രണമുടനെയുണക്കിത്താതനെ പ്രീതനാക്കി. 31

ഈ വിശപം തീൎത്തുരക്ഷിച്ചുതുഝടിതിമുടി-
ച്ചൊന്നിലും താൻപെടാത്തോൻ
ഭാവിശ്രേയസ്കരൻ, മസ്കരികൾ കരളിലോ-
ൎക്കുന്നവൻ, ഭക്തദാസൻ,
സേവിക്കുന്നവൎക്കു യോഗ്യൻ, ജനകനിലിയലും
സങ്കടം തീൎത്ത ദേവൻ,
ഭൂവിൽപ്പേർകൊണ്ട വാതാലയമടിയരുളും
പോററി,മാലാററിടട്ടെ. 32

ബാധിച്ചീടുന്ന ജന്മാന്തരദുരിതചയം
    ദുസ്സഹം വ്യാധിയായി-
ട്ടാധിച്ചൂടാവഴിക്കൂന്നറിയുക വിഷമം
    വൈദ്യർ വന്നെന്തെടുക്കും?
ക്രോധിച്ചാളുന്ന ജന്മാന്തരദുരിതമഹാ-
    തങ്കമാററുന്ന വൈദ്യൻ
സാധിച്ചീടേണ്ടതാണിപ്പണി; യിവരറിയി-
    ല്ലിക്കഴപ്പങ്ങളൊന്നും. 33
ആനന്ദാലാദിവൈദ്യൻ തിരുവടി വടിവിൽ-
    ച്ചെന്നു തൃക്കാല്ക്കൽ വീഴും
ദീനക്കാർക്കൊക്കെ നൽകും കരുണയിൽ വിളയും
    ദിവ്യസിദ്ധൌഷധത്തെ.
നൂനം കാക്കാശുപോലും ചിലവതിനുവരി-
    ല്ലേതുദിനത്തിനും ന-
ന്നീനല്ലാദായമുള്ളൌഷധമിതുഗുരുവാ-
    താലയത്തിൽസ്സുലഭിക്കും. 34
മുഖ്യം മൂന്നുലകിങ്കൽ വെച്ച പവനാ-
    ഗാരം; കലിധ്വംസനം;
പ്രഖ്യം; വാതഭഗന്ദരാദിഗദസ-
    ന്താപോപശാന്തിപ്രദം;
സൌഖ്യം; സജ്ജനസേവ്യ; മാത്തിയുതകും
    സംസാരബന്ധത്തിൽ വൈ-
മുഖ്യം ചേപ്പതിനുത്തമം; സ്ഥലമിതാ-
    നന്ദാസ്പദം സൽപദം; 35

സത്തുൾത്തിങ്ങി വിളങ്ങിടും പടിയഹോ!
നാരായണീയത്തെ മേ-
പ്പത്തൂർഭട്ടവരൻ ചമച്ച ഗുരുവാ-
യൂരിൽബ്ഭജിച്ചങ്ങിന്റെ
ത്തത്തും തൽക്കടുവാതരോഗമഖിലം
മാററീടിനാൻ; മാധവൻ
ചിത്തുൾത്തുന്ന കൃപാകടാക്ഷമൃതകം
സേവിപ്പവക്കൊക്കയും. 36

മഹത്തരം തൽകൃതി മാധവാനു-
ഗ്രഹത്തിനായ്ബ് ഭക്തജനങ്ങളിന്നും
ഗൃഹങ്ങൾ തോറും തൊഴുകയ്യുമായി-
ട്ടഹന്നിശം ഹന്ത! ജപിച്ചിടുന്നു. 37

അവിടെച്ചെന്നു സേവിച്ചാലവിടുന്നേത്തു ദീനവും
അവിതക്കം നശിപ്പിക്കും ഭവിക്കും നിത്യമംഗളം. 38

"തക്കം നോക്കി" സ്സമസ്താംഗമവിളനിലമാ-
യേതിടത്തും ലസിപ്പാൻ
തൃക്കണ്ണിട്ടാദി "മീനാ"യരുളിന ഭഗവാൻ
തന്നൊരീത്താതപാദൻ
വെക്കം തൃക്കാലിലാപ്പെട്ടെഴ്"മഹ"പടലം
നീങ്ങി മൂന്നാലു കൊല്ലം
തൃക്കണ്ണാത്തീക്കുഡുംബം വലിയ നിലയിലേ-
ക്കാനയിച്ചുജ്ജ്വലിച്ചു. 39

ദേഹാലസ്യങ്ങളാറി ‘‘ഗ്ഗുരു’’ദിനസരികാ-
രുണ്യമേ‘‘കീട’’വേ ഞാൻ
മോഹാന്ധ്യം വിട്ടടക്കെത്തിരുമൊഴികൾ സദാ
കേട്ടു ‘‘കേട്ടു’’ണിരിക്കെ
‘‘ഹാ ഹാ നോക്കൂ!!’’ സമത്ഥൻ.— ശിവ ശിവ! (വിധിതൻ
‘‘ഞായറാ’’ഹിത്യകൃത്യം.
മോഹാലസ്യപ്പെട്ടത്തീ കഠിനമടിയനെ-
ക്കാക്കണേ ചക്രപാണേ! 40

---

III

ഒരു കടമണിമട്ടിൽക്കണ്ടു വാരിപ്പുറത്താ-
ക്കരു ഝടിതി വളന്നിട്ടുന്തകാരാതിജായേ!
തിരുവടിയുടെ മായാവൈഭവംതന്നെ,ചൊല്ലാ-
വരുത,തരുതിളകാനും കൂടി വയ്യാതെയാക്കി. 1

പുരുദുരിതവളത്താലെൻെറ കമ്മദ്രുമത്തിൽ
കുരു,കടു,ചര,ലോടം,തേങ്ങയെന്നിക്രമത്തിൽ
തെരുതെരെ വളരുന്നു സങ്കടക്കണ്ടിൽ വീണി-
ട്ടുരുളുമടിയനമ്മേ! കത്തലായത്തലേവം. 2

ഗിരിശഗൃഹിണി! ഘോരം നീരുമാസ്സക്ക ചോര-
ച്ചുരികിലടികരുത്തിട്ടുള്ള ചീടത്തും നലത്തും
ദുരിതഗിരിചുരത്തും ചോരയാം നീരൊലിച്ചും
പെരിയൊരു കുരു കണ്ടാലാരുമപ്പോൾ നടുങ്ങും. 3

ചുളുചുളെയ്യുടൽ കത്തിക്കീറുമീ നൊമ്പരത്താൽ
കുളുർമയിരിളകുന്നു, മട്ടുമാറുന്നു, ദേഹം
വെളുവെളെവിളറിപ്പോയ്, ചോരയില്ലാതെയായീ
കുളുർമ തരണമമ്മേ! കത്തിനീറുന്നു ചിത്തം. 4

കരയുമരികൾപോലും കാണുകിൽ കഷ്ടമയ്യോ!!
പരമിഹ പരചക്രം കൊള്ളുമിപ്രാണദണ്ഡം
അരഞൊടിയിട കണ്ടാലാരുമൊന്നമ്പരക്കും
കരൾ തവ ശിലയാണോ ശൈലരാജേന്ദ്രകന്യേ! 5

ഒരുപടി നരകം ഞാൻ ഹന്ത പൌരാണികന്മാ-
രരുളിയ വഴി കേട്ടിട്ടുണ്ടതൊക്കെസ്സഹിക്കാം
ഒരു നിമിഷമിനിക്കീ പ്രാണദണ്ഡം സഹിക്കാ-
നരുതരുതടവെന്യേ രക്ഷ മാമദ്രികന്യേ! 6

ഒരുവിധവുമനങ്ങാൻ വയ്യ കൈകാലിളക്കാൻ
കരുതുകിലഥ കാണും ദേവി! നക്ഷത്രമാർഗ്ഗം
പുരുസുഖമുളവാക്കും നാമഗാനത്തിനും തെ-
ല്ലരുതൊരു നെടുവീർപ്പിട്ടാശ്വസിപ്പാനുമമ്മ! 7

പുരുരുജസഹിയാഞ്ഞിട്ടുൾത്തടം കത്തിനീറി-
പ്പെരുകുമഴലിൽ വാർക്കും ബാഷ്പമമ്മേ! തുടപ്പാൻ
അരുതടിയനു കഷ്ടേ താങ്ങിയാലേറ്റിരിക്ക-
ന്നൊരു നിലയുമകന്നു ദേവി! നിയ്യേ സഹായം. 8

രുചിയടിയനു ലേശം പോലുമില്ലത്രയല്ലം
രുചിതനുവിനുമങ്ങീ, രുക്കകൊണ്ടുൾക്കടങ്ങീ

രുചിരഹൃദയരാകും നിൻ പദോപാസകന്മാ-
രുചിതകരണദക്ഷേ! ഹന്ത കഷ്ടപ്പെടാമോ? 9

ചിലരിവനുടെ ദീനം കണ്ടു പിൻമാറി മൂക്കിൻ-
തലയിൽ വിരലുവെച്ചും, കൺനിറച്ചും, ശപിച്ചും;
പലതുമവർ പതുക്കെച്ചൊല്ലിടുന്നുണ്ടു, ഞാനീ-
നിലയിലവശനായീ കാലകാലന്റെ ജായേ! 10

തവകനിവിനുപാത്രസ്ഥാനമാമെൻ പിതാക്കൾ-
ക്കിവനൊരു സുതനമ്മേ! വേണ്ട കൃത്യത്തിനെല്ലാം;
ഭവതിയിവകളൊക്കെക്കണ്ടിരുന്നിട്ടുമെന്നെ
ബത ഭുവനജനനി!യേവം സന്തപിപ്പിപ്പതെന്തു? 11

വിമലഹൃദയരാമെൻ താതമാതാക്കളേററം
ശമദമമിയലുന്നോർ, വൃദ്ധർ, നിൻപാദഭക്തർ,
സുമശരഹരജായേ! കേൾക്ക നീയായവർക്കീ,
മമ കദനകലാപം കാണുവാൻ ത്രാണിയുണ്ടോ? 12

കരയുടെ കഥയററാസ്സങ്കടാംഭോധിമദ്ധ്യ-
ത്തിരയിൽ മറിയുമെന്നെ,ദ്ദുഷ്ടനാം കാലനക്രം
ഹരമഹിഷി! കിടച്ചാലിട്ടുപോമോ കടക്കൺ-
തരണിയുടനയച്ചൊന്നക്കരെയ്ക്കാക്കുകമ്മേ! 13

ശിവ! ശിവ! നടനീത്താൻ കയ്യുകട്ടിന്മലൂന്നീ-
ട്ടിവനുടെ പരിതാപം കണ്ടു കണ്ണീരിൽ മുങ്ങി
അവനതമുഖിയായിട്ടമ്മ നിൽക്കുന്നതില്ലെൻ-
ഭുവനജനനി! നേരേ കാണുവാൻ പ്രാണദണ്ഡം. 14

“ഘൃണലിതുലഘ്വവെന്നായാദ്യ, മിപ്പോൾക്കിടാവേ!
വ്രണമൊരുപുറമൊക്കെ; ക്കഷ്ടമെന്നെപ്പിടിക്കു”
ഘൃണയൊടിതു പറഞ്ഞിട്ടമ്മ വീഴുന്നതും ഞാൻ
പ്രണവനിഗമവേദ്യേ! ഹന്ത! കാണേണ്ടിവന്നു. 15

“മനസി രുജ കുറയ്ക്കു, സാരമില്ലെന്നു മൂസ്സും
ജനകനുമരുളുന്നു, ഞാൻ തനിച്ചന്നിരിക്കാം”
ജനനിയൊടിവനേവം ചൊല്ലിയാശ്വസ്തയാക്കാൻ
ദിനമനു വലയുന്നു രക്ഷമാം ത്ര്യക്ഷജായേ! 16

കുറവൊരു ലവലേശം പോലുമില്ലെന്റെ ദീനം
കുറയൊട്ടു വളരുന്നു ഞാൻ പരാധീനനായി
പറവതിനരുതെല്ലാം കഷ്ടമേ ഭക്തരക്ഷാ-
മുറ ഭവതിമറന്നോ എന്തുറപ്പാണിതമ്മേ!? 17

നിരുപമനയശീലേ! പാർത്ഥനർത്ഥിക്കയാൽ നീ
കുരുകുലമഥനത്തിൽപ്പിന്തുണച്ചെന്നു കേൾപ്പൂ
ഒരു കുരുവിനെ വെൽവാൻ ഞാൻ സഹായത്തിനർത്ഥി-
പ്പൊരു മൊഴി ചെവിപൂകില്ലെന്തിതിന്നുള്ളന്യായം? 18

ഭവമഹിഷി! വിദഗ്ദ്ധൻ വൈദ്യശാസ്ത്രാബ്ധികുംഭോൽ-
ഭവനരിയൊരു തെക്കാടാഢ്യവൈദ്യാദ്വിതീയൻ
ദിവസവുമരികിൽത്താനുണ്ടു വൈദ്യത്തിനങ്ങോ-
ക്കിവനടിമ നിദാനം ഞാൻ നിദാനങ്ങളോർത്തും. 19

അരുളുമൊരു മരുന്നെൻ ഭൃത്യവർഗ്ഗം ക്ഷണത്താ-
ലൊരുകുറവുവരാതേ ശാസ്ത്രരീതിക്കിണക്കം,

വിരുതരതിനവർക്കിന്നിയ്യിവൻപ്രാണനാണെ-
ന്നൊരു മഹിമ വിശേഷാൽക്കണ്ടുപോരുന്നു നിത്യം. 20

പണമിവനു തൃണന്താനുണ്ണിയാമെന്റെ നാരാ-
യണനു സുഖമുദിപ്പാൻ വേണ്ടുവോളം ധനം ഞാൻ
ക്ഷണമിവിടെ വിതസ്സാമെന്നുരസ്സുന്നു സാക്ഷാൽ
ഗുണഗണനിധി താതൻ വൈദ്യവൃദ്ധൻ,വിശുദ്ധൻ.21

സപദമതിലൊരാളുമ'ക്കുട്ടപ്പിള്ളി' വിഷ്ണു-
ദ്വിജനരിയൊരുവൈദ്യൻ നിൽപ്പു ശുശ്രൂഷണാർത്ഥം
സുജനസുഖദശീലേ! പിന്നെ മൽഭാഗിനേയൻ
ഭജനമരികിൽ വേണ്ടപ്പെട്ട കൃത്യത്തിനെല്ലാം. 22

പൊടി,ഗുളിക,കഷായം,നെയ്യിതെല്ലാം, പ്രമാണ-
പ്പടി ജനകസമക്ഷം തന്നെയുണ്ടാക്കിടുന്നു
അടിമുതൽ മുടിമുട്ടെത്താതനെൻ മൈ നിദാനം
വടിവൊടു പരിശോധിച്ചീടുമമ്മേ! വിശേഷാൽ. 23

ഇതിലുമധികമായിട്ടാരൊരാൾവൈദ്യമിന്നീ-
ക്ഷിതിയിലയി നടത്തും? തോററു ഞാൻ പോററുകമ്മേ!
മതിമതി കളി കാര്യം തന്നെയാം കൈ പിഴച്ചാൽ
ക്ഷിതിധരവരകന്യേ! പന്തിയല്ലീയമന്തം. 24

മതിബലമെഴമച്ഛൻ കൺനിറച്ചെന്നൊടോരോ-
ന്നതിമധുരമുരച്ചുംകൊണ്ടു നിശ്വാസപൂർവ്വം
ക്ഷിതിയിൽ മിഴിയുറപ്പിച്ചാനനം താഴ്ത്തി നിൽക്കും,
പ്രതിദിനമതുമീ ഞാൻ ദേവി കാണേണ്ടിവന്നു. 25

അടിയിൽ മിഴിയുറപ്പിച്ചൊന്നുമോതാതെ കണ്ണിൽ
പ്പൊടിവൊരു ചുടുബാഷ്പം മുണ്ടുകൊണ്ടൊപ്പിയൊപ്പി
ഝടിതതനുവിഷാദം പോലെ വന്നെൻറ നൽപ്പെൺ
കൊടി വിവശമുപാന്തേ നിൽപ്പുമമ്മേ! കഷ്ടം. 26

പിടമൃഗമിഴി വീർപ്പിട്ടൊട്ടു നിന്നിട്ടഹോ വാ-
ക്കിടയിലിടറിയെന്തോ ചൊല്ലി മെല്ലെഗ്ഗമിക്കും
ഉടനണയുമുടൻ താൻ പോകുമീവണ്ണമാധി-
ക്കടലിലലയുവോളെക്കൂടിയൊന്നോർക്കുകമ്മേ! 27

പുരുസുഖമുളവാകാനെന്തു ചെയ്യേണ്ടുമെന്നു-
ള്ളൊരു നിനവൊടു കൈകാൽ മെല്ലെമെല്ലത്തലോടി
തെരുതെരെ നെടുവീർപ്പിട്ടെൻറ ചാരത്തിരിക്കും
മരുമകനുടൽ പാതിപ്പെട്ടുപോയ്ക്കഷ്ടമമ്മേ! 28

ഹിതമറിയുമരശ്ശാതപ്രകാരം നടത്തും
ശിതമതിയുചിതജ്ഞൻ സാധു മൽഭാഗിനേയൻ
ബത പകലിരവേവം ബുദ്ധിമുട്ടുന്നു പാദാ-
ശ്രിതവിബുധകദംബേ! കണ്ടിനിസ്സിണ്ടലമ്മേ! 29

ഹൃദി ദവനെരിയുന്നു ദുഃഖവൻതീയ്യഹോ! "കൌ-
മുദി"കരളിലെഴുന്നോനെങ്കിലും ഞാൻ നിമിത്തം
ത്രിദിവവിഭവവിത്തേ! നിൻപദം കുമ്പിടുന്നേൻ
പ്രദിശ സദയമായാൾക്കായുരാരോഗ്യസൌഖ്യം. 30

പുലി, കരടി തുടങ്ങിട്ടുഷ്ടസത്വങ്ങൾ തമ്മിൽ
കലിയൊടു കലഹിക്കും കാട്ടിലൊററയ്ക്കിരുട്ടിൽ
ചലിതഹൃദയനായിപ്പെട്ടവൻ നിൻപദാബ്ജം
കലിതധൃതി നിനച്ചാലല്ലലററില്ലമെത്തും. 32

അടവിയിൽ മൃഗമജ്ജാമാംസകങ്കാളപുഷ്ട്യ-
ച്ചടചട രവമോടും കാട്ടുതീ നാലുപാടും
തടയുകിലവനമ്മേ! നിന്നെയോൎക്കുന്നതായാ-
ലുടനടി നിലകിട്ടും; തീയ്യുമപ്പോൾ തണുക്കും. 32

അഹിതര;പകടത്തിൽപ്പെട്ടവൻ നേൎക്കലസ്ത്രം
മഹിതനിശിതഖഡ്ഗം വാശിയായ് വീശിയാലും
അഹിതമവനു പററാ നിന്നെയോൎക്കുന്നപക്ഷം
മഹിഷമഥനദക്ഷേ! വാളനങ്ങാതെ നിൽക്കും. 33

പരരൊട്ടു രണമാടിത്തോററു വില്ലിട്ടു പായും
നരപതി നിലകിട്ടാൻ നിൻ പദാന്തം നിതാന്തം
കരമുഴലൊടു ചിന്തിച്ചെങ്കിലോ രക്തബീജാ-
സുരനിധനവിദഗ്ദ്ധേ! നാടു നേടിസ്സുഖിക്കും. 34

നയരഹിതമടക്കും കാലനേന്തുന്ന ദണ്ഡിൽ
ബ്ഭയമുടയൊരു മൎത്ത്യൻ നിൻെറ നാമം ജപിച്ചാൽ
ദയയൊടരിയമാൎക്കണ്ഡേയനെക്കാത്ത മൃത്യു-
ഞ്ജയഗൃഹിണി! സുഖിക്കുമല്ലലില്ലാതെ നിത്യം. 35

തരളവിഷമഹാഗ്നിജ്വാലയാന്തുഗ്രവീൎയ്യം
തിരളുമുരഗമെത്തിക്കൊത്തിടും മൎത്ത്യനമ്മേ!
കരളിലഴലടങ്ങാൻ നിന്നെയോൎക്കുന്നപക്ഷം
ഗരളഗളവിശുദ്ധപ്പാതിമെയ്യേ! സുഖിക്കും. 36

പലവകജലജന്തുക്കൾക്കൊരാഹാരമായി-
ട്ടലയിലുഴറിനീന്തിത്താന്തനായേതൊരുത്തൻ

നലമൊടു തവ നാമം ചൊല്ലു, മായാവിക്കപാംഗാ-
മലതരണിയണഞ്ഞും നീ കനിഞ്ഞെന്നു കേൾപ്പൂ. 37

വിധി,ഹരി,ഹര,രെന്നീ മൂവ്വരും ദേവി! നിന്നാ-
ലധികൃത,രവർ വിശപ്പം തീർത്തു രക്ഷിച്ചഴിപ്പൂ;
വിധിവിഹിതമിതിക്കിസ്സങ്കടം ഞാൻ വിശേഷാ-
ലധികമിനിയുരയ്ക്കുന്നില്ല,നിയ്യേ സഹായം. 38

മറയുടെ പൊരുളാകും നിന്മഹത്വങ്ങൾ മായാ-
മറയുടെ തടവറോരോതി ഞാൻ കേട്ടിരിപ്പൂ;
മറവതിനു വരുന്നില്ലിപ്പൊഴും മന്മനസ്സാ-
മറയിലരുളുകമ്മേ! യോഗി ചിത്താവലംബേ! 39

മുനികൾ തിരയുമമ്മേ! മാമറയ്ക്കുള്ളവേരേ!
ജനിമൃതിനിലകൂത്തും ചില്പരബ്രഹ്മവിത്തേ!
അനിശമഴലിലാഴുന്നെൻെറ മാലിജ്ജഗൽക്ക-
മ്പനിയുടെ നിലനില്ലേ! നീ കനിഞ്ഞാലൊഴിഞ്ഞു. 40

അനുദിനമവിടത്തെപ്പാദസംസേവ ചെയ്യും
മനുജനിവനു വാഞ്ഛിക്കുന്നാമയത്തെക്കെടുത്താൻ
അനുചരരിലൊരാളായുള്ള 'ധന്വന്തരി'ക്കാ-
യനുമതിസുരവന്ദ്യേ! നീ കൊടുത്താൽ നടത്തും. 41

അതിനു മടി കുറച്ചുണ്ടെങ്കിലോ വൈദ്യവിദ്യാ-
ഗതികളറിയുമോരോദ്ദേവവൈദ്യേന്ദ്രരില്ലേ?
അതിലൊരുവനു തൃക്കൺകോണയച്ചാലുടൻ വ-
ന്നതിസുഖമിവനേകും ഭാരമില്ലൊട്ടുമമ്മേ! 42

ഹിതമൊടിനിയുമോതാം ദേവി! നാമത്രയീദേ-
വതകളനുചരന്മാർ നിസ്തരക്കണ്ണയച്ചാൽ
ഹതവിധിപരിപാകം ചേരുമെൻ വ്യാധിനീക്കം
ശതമഖമുഖവന്ദ്യേ! ശല്ല്യമില്ലാക്കുമേതും. 43

ധൃതിയൊരു പടിയുണ്ടെന്നാകിലൊന്നുമ്മുടക്കേ-
ണ്ടതിലടിയനുവേണ്ടിക്കാലകാലാങ്കകായേ!
നതിയൊടരികിൽ നിൽക്കും ഭൃത്യരെച്ചൊല്ലിവിട്ടാൽ
മതി മതി ലഘുകാര്യം, കൺമിഴിച്ചാൽക്കഴിഞ്ഞു. 44

സമയവിഹതിയില്ലാ, ചേതമില്ലാ കരാച്ചം,
ശ്രമമവിടെവരില്ലാ, ചെയ്തതാവേണ്ടകാര്യം;
ശമമുലകിനു ഷേപ്പോളംബ! നീ, ഭക്തനീഞാൻ,
ക്ഷമയിലിതുപുകഴ്ത്തും സജ്ജനം സർവ്വകാലം. 45

“ സതതമഴലിവണ്ണം വന്നതൽപ്പൂർവ്വജന്മാ-
ർജ്ജിതദുരിതവിപാകം, പാകമില്ലേവമൊന്നും”
മതമിതു ശരി, പാപം തീരുവാനിത്രപോരേ?
കൃതനതജനരക്ഷേ! ശിക്ഷ, മാം രക്ഷ! മായേ! 46

ഒരുപടി ധനമുള്ളോർ പിച്ചതെണ്ടിച്ചരിക്കും,
പെരുവഴിയിലിരിപ്പോരൊത്ത വിത്തേശരാകും
തിരുവടി നിരുപിച്ചാലിജ്ജഗത്തിങ്കലേവം
വരുമരനിമിഷംകൊണ്ടപ്രമേയപ്രഭാവേ! 47

കനകഗിരിമുകപ്പിൽ ദിവ്യമാം സത്യലോക-
ത്തനഘതരമെഴുന്നാബ്രഹ്മനും ബ്രഹ്മവിദ്യേ!

ജനകനിലജഗത്തിന്നൊക്കുവാൻ ദേവി! തൃക്കൺ-
മുനയുടെ മഹിമാവിന്നുള്ളലേശൈകദേശം. 48

സുരപദമതിതുച്ഛം നേടിവെച്ചുള്ള പുണ്യം
നരരതനുഭവിക്കും സ്ഥാനമാപ്പുണ്യമററാൽ
പരമവനിയിലെത്തും നിമ്പദോപാസകന്മാർ
പരമസുഖികളെന്നും സർവ്വലോകൈകവന്ദ്യേ! 49

വിഗതകലുഷരാകും യോഗിമാരും കൊതിക്കും
നിഗമലതയിലേന്തും പൂമരന്ദക്കുഴമ്പേ!
ഭഗവതി! തവ തൃക്കൺകോണിലാണിപ്രപഞ്ചം
നഗപരിവൃഢകന്യേ! നില്പതെന്നാപ്തവാക്യം. 50

ഹരനുമഹിഷി,ധാതാവിന്നു ദാരങ്ങൾ, പീതാം-
ബരനു ഗൃഹിണി, ശക്തന്നംബ നീതന്നെ ശക്തി.
തിരയുകിലുലകത്തിൽക്കാണുമീശ്ശക്തിയെല്ലാം-
ത്തരവുമഖിലതായേ! താവകം കേളിഭേദം. 51

ചരമചരമിവണ്ണം ഹന്ത! സന്താനജാലം
നിരവധി;യവരൊക്കെദ്ദേവി! നിൻ കീഴിൽ നിൽപ്പൂ;
ഭരണവിഷയദക്ഷേ! നീ ജഗത്താം കുടുംബം
വിരവിലിഹ പുലർത്തും മൂത്ത മുത്തശ്ശിതന്നെ. 52

നിടിലനയനജായേ! മോഹമാം വാർപ്പിലാക്കി-
ജ്ഝടിതി ദിനകരത്തീ രാപ്പകൽക്കൊള്ളിതള്ളി
അടിയിലഥ വളർത്തിക്കൊല്ലമാം മണ്ണുമിട്ടി-
പ്പുടി നരരെ വരട്ടീടുന്നു കാലം കഠോരം. 53

കനിവിയലുമുദാരേ! ജന്മജന്മാന്തരത്തിൽ
ത്തനിയെ മനുജർ ചെയ്യും കൃത്യവും മററുമെല്ലാം
മുനികൾ തിരയുമമ്മേ! ദേവി! നിന്നിച്ഛപോലാ-
ണനിശമവരിൽ വേട്ടോന്നാ?ശിക്ഷ ശിക്ഷാവിധിജ്ഞേ! 54

അടിയനിവകളോർത്തിട്ടമ്പരക്കുന്നു, തൃക്കാ-
ലടിയണിപൊടിയേൽപ്പൂ മൌലികൊണ്ടേൻഡർകോനും;
കൊടിയ വികൃതികാലം വന്നെതൃത്തിട്ടു നിൻചൊ-
ല്ലടിയിലമരുവോരെ നാട്ടിടാൻ വിട്ടിടാമോ? 55

മഴമുകിലെതൃകണ്ണനുള്ളപുണ്യപ്രഭാവാ-
ലഴകുകളൊരുമെയ്യാർന്നോണമാറായ തായേ!
കഴലിണ തൊഴുവോരീയെൻെറ മുജ്ജന്മകമ്മ-
പ്പിഴവഴിയെഴുമാപത്തൊട്ടു നീ തീർത്തുതന്നു. 56

പെരിയ രുജ നിലച്ചു, നീരുപോയ്യുക്കചുണ്ടി,-
ട്ടരിഞ്ഞണലൊട്ടുമദ്ധ്യം പൊങ്ങി ജിഹ്വാഗ്രഭമായി,
പരിഹൃതമിനുപ്പിശ്ശുദ്ധിചിഹ്നം വ്രണത്തിൽ
ഗ്ഗിരിശസുകൃതവാസ്ത്രേ! കണ്ടു കാര്യം ജയിച്ചു. 57

ഇനിയുമിവനൊഴിക്കില്ലോക്ക നീതന്നെ നിത്യം
കനിയണമിതുണങ്ങാനാദിവൈദ്യാത്മവിദ്യേ!
അനിതരസുഖസമ്പത്തായ നിമ്പത്തിലെന്നു-
ള്ളനിശമണയുവാൻ മേ!ഭാഗ്യവും കൈവരേണം. 58

കരുതുക തിരുനാമത്തിങ്കൽ നിന്നൂന്നൊലിക്കും
പുരുമധു, സുധാസ്വാദിച്ചാളുകൾക്കും പ്രിയം താൻ;

തിരുവടികൃപവെച്ചിട്ടെൻെറ നാവിന്നതിന്നു-
ള്ളൊരു രസമറിയിച്ചെന്നാകിൽ നന്നായിരുന്നു 59

മറയുടെ മുരടെന്നും, ചിൽക്കരുന്നെന്നു, മെന്നും
നിറയുമരിയതേജസ്സെന്നു, മോങ്കാരമെന്നും,
പറവൊരു തവ രൂപം കാണുവാൻ മൂടൽ മായാ-
മറയിവനതകന്നാൽജ്ജന്മമമ്മേ! കൃതാൎത്ഥം. 60

ദുരിതതരു പുഴക്കും ഭക്തവൎഗ്ഗം നിനയ്ക്കും
പരിണതഫലമേന്തും വല്ലിയായല്ലലെല്ലാം
അരിയുമരിയ തൃക്കയ്യെൻെറ മൂൎദ്ധാവിൽ "നന്നാ-
യ്വരിക, കുശലിയാകെ", ന്നോതി വെച്ചാൽജ്ജയിച്ചു. 61

മുടിയണിസുമമന്തിത്തള്ളിനേടുന്നു ചൂടാ-
നടിമകൾ വിധിമുഖ്യപ്രഖ്യമുഖ്യാമരന്മാർ;
അടിയനവരിൽനിന്നും വേണ്ട, തൽഭൃത്യർ ചൂടി-
ത്തൊടിയിലവർ കളഞ്ഞാൽപ്പുഷ്പമേ വേണ്ടു തായേ! 62

നിടിലമിഴിയിൽ മാരൻ വെന്ത കാലാരി നിൻക-
ണ്ണടിയിലകമഴിഞ്ഞാ മാത്രയിൽദ്ദാസനായി
ഝടിതിയുടലിലൎദ്ധം തന്നു; തൃക്കണ്ണിനുള്ളാ-
ച്ചൊടിയുടെ ലവലേശം തന്നെ ദിവ്യാസ്ത്രജാലം. 63

ജനിമൃതി നിലനിൽത്തും, ദുഷ്ടസംസാരഘോര-
പ്പനിയകലെയൊഴിക്കും, കൎമ്മപാശം മുറിക്കും,
കനിവൊടിളകിയെന്നാൽ നിൻെറ തൃക്കൺമുനത്തു-
മ്പി; നീയുമിവനുജന്മക്ലേശമേല്പിച്ചിടൊല്ലേ. 64

നരി, കുറുനരി, സിംഹം, പന്നി, മാൻ, പട്ടി, പശ്വാ,-
ക്കരി, കരടി, യിവററിൻ യോനി നൂണ്ണിട്ടൊടുക്കം
അരിയൊരു നരജന്മം കിട്ടി, വട്ടത്തിലാക്കാ-
തരിയണമിനി നിയ്യെൻ കർമ്മപാശങ്ങളമ്മേ! 65

ഒരു ദിശി കളി, ദുഖം മറെറാരേടത്തു, തമ്മിൽ-
പ്പൊരുതലപരദിക്കിൽ, സ്സന്ധിയന്യത്ര ചിത്രം;
തിരുവടിയൊരു നേരത്തിപ്രപഞ്ചങ്ങളൊക്കെ-
ക്കരുതുകിലുളവാക്കും, കാണുവോരമ്പരക്കും. 66

മകനുടെ തല വീഴ്ത്തും താത, നച്ഛന്റെ നേരേ
പകയൊട്ടു മകനേല്ക്കും, പാരിലേവം കലാപം
സകലമറിയുവോൾ നീ, നിന്മഹത്വം ഗ്രഹിപ്പാൻ
പ്രകണിയൊരു പെരുത്തുണ്ടടറിഞ്ഞോർ ചുരുക്കം. 67

ഇവരൊരു നിമിഷംകൊണ്ടിക്കലാപങ്ങളൊക്കെ
ബ്ഭവമഹിഷിയുപേക്ഷിച്ചൈകമത്യം വഹിക്കും
തവ മഹിമ നിനച്ചാലത്ഭുതം തന്നെയല്ലോ;
ഭവഭയവിഷമെന്നെത്തീണ്ടിടാതാക്കണം നീ. 68

മുടിമുറി, മുറിയത്തം, ഡംഭ, ഹംഭാവമേറെ-
ക്കുടി, കുസൃതികൾ, മാർഗ്ഗംകൂടലിത്യാദ്യനേകം
നെടിയ വികൃതിവേഷം കെട്ടിടും ദുഷ്ടമർത്ത്യ-
ത്തടിയർ സുഖികളമ്മേ! നിന്മനസ്സാരറിഞ്ഞു? 69

ജടില, രമല ചിത്തന്മാ, രഹംഭാവമില്ലാ-
തടിതൊഴുതനുവാരം നല്ല മാർഗ്ഗത്തിൽ നില്പോർ

അടിമകളലയുന്നു ദുഃഖമാന്നൊക്കെ നിൻചൊ-
ല്പടിനടവടിയെന്തോ? ദുർഘടം സത്തെടുപ്പാൻ. 70

വിരുതൊരുപടി കാട്ടും മായകൊണ്ടിട്ടു ചുററി-
സ്സരുതടിയനു സാക്ഷാൽ സച്ചിദാനന്ദസൌഖ്യം
അരുളുക വിലയേറും ബ്രഹ്മപട്ടത്തിനും തെ-
ല്ലൊരുരുചിയിവനില്ലാ നിർമ്മലാനന്ദമൂർത്തേ! 71

ഇളകുമമരപട്ടം പുണ്യമൊക്കെക്ഷയിച്ചാൽ;
പ്രളയസമയമായാൽ ബ്രഹ്മപട്ടം നശിക്കും;
കളയുമിവകൾ തന്നാൽക്കൂടി ഞാൻ; ചിദ്രസത്താ-
ലിളകിയുടവു തട്ടാതുള്ളിടത്തെന്നെയാക്കൂ. 72

ഉലകുകളനുവാരം നീ തിരിക്കുന്നു സാക്ഷാൽ
ച്ചലമിഴി വഴികാട്ടും മാട്ടമൊത്തദ്രികന്യേ!
കലയ കയറുകോർത്താപ്പമ്പരം ബാലകന്മാർ
നലമൊടിഹ തിരിക്കും മട്ടിലിട്ടിട്ടുപോലെ. 73

ദിവസവുമരുളുന്നു കാലചക്രത്തിരിപ്പിൽ
ബ്ഭുവനവു,മതിലുള്ളോർക്കാക്കുമില്ലീവിചാരം;
ഭവമഹിഷി! യെറുമ്പിൻ കൂട്ടമാത്തേരുരുൾക്കൊ-
ത്തവ ലവമറിയില്ലാ ചക്രമോടുന്ന കാര്യം. 74

ഒരുപടി വിലസുന്നു രോമകൂപങ്ങൾതോറും
തിരുവുടലിലുണർത്താമിത്തരത്തിൽ പ്രപഞ്ചം
തിരുവടിയവയൊക്കെത്തീർത്തു രക്ഷിച്ചഴിക്കും
കരുളുകിലൊരു തുമ്പും വാലുമില്ലില്ലൊരന്തം. 75

സകലവുമൊരുദിക്കിൽക്കണ്ടിടാം, കേട്ടിടാം, തി-
ന്നകമകലുഷമാക്കാം, നാററിടാം, തൊട്ടുനോക്കാം,
പകലിരവതിസൌഖ്യം, വേഗമദ്ദിക്കിലെത്താൻ
വകതിരിവൊടു മാൎഗ്ഗം, നൽക നിത്യാത്മവിദ്യേ! 76

ഝടിതി തരണമമ്മേ! വിശദമൊട്ടുക്കു കാണും-
പടി വെളിവു തരുമന്നുള്ളിലെദ്ദിവ്യനേത്രം;
വെടി കളി രതി രാഗദ്വേഷമിത്ഥ്യാദി രോഗം
മുടിയുമിവനു 'സോഹംബുദ്ധി'യും സിദ്ധമെന്നാൽ. 77

പ്രിയയുടെ മൊഴി കേട്ടും, കണ്ടുമാരാൽക്കുഴഞ്ഞാ-
ടിയനില, മണമേറ്റും, ചെഞ്ചൊടിസ്സത്തശിച്ചും,
നിയതമുടലണച്ചും, തൽഗ്ഗുണം പാൎത്തുമെന്നി-
ന്ദ്രിയനിചയമടങ്ങാതായി ഞാനേവമായീ. 78

പെടുമഴൽ സുഖ;മെന്നാലായുരാരോഗ്യസൌഖ്യ-
ത്തൊടു ഭഗവതി! ജീവിക്കേണമെന്നുള്ള മോഹം
കെടുതി കലശലായിട്ടമ്പരക്കുന്ന സാക്ഷാൽ
ഗ്ഗുടുവിലുമുയരുന്നൂ; ഹന്ത! മായാവിലാസം! 79

ചിലരലിവൊടുനൽകും തണ്ഡുലം ചീഞ്ഞ കയ്യാൽ-
ച്ചുലമൊടു പുഴനിക്കിത്തിന്നിടസ്ഥ്ലീച്ചയാട്ടി,
പുലരുമഗതിയന്ധൻ കുഷ്ഠിയും ജീവിതാശാ-
വലയിലലയുവോനാണെന്നുകൂത്താണിതമ്മേ! 80

ഒരുപടി മൃതരായീ പുത്രമിത്രങ്ങൾ കഞ്ഞി-
ക്കൊരു ഗതി നഹി കണ്ണുംപോയി വീടും മുടിഞ്ഞു

പെരുവഴി ഗതി, വൃദ്ധൻ ചാകുവാൻ പ്രാണദണ്ഡം
കരുതുക ശിവജായേ! ജീവിതാശാവിശേഷം. 81

പെരിയ രുജ ശമിക്കും പുത്രനെന്നു് ഭദ്രകാളി-
ക്കുരിയബലി കൊടുത്താൽ, ച്ചാകുമല്ലെങ്കിലെന്നാൽ
ഭരിതകുതുകമച്ഛൻ പുത്രനെക്കൈവെടിഞ്ഞും
ഗിരിശഗൃഹിണി! ജീവൻ നേടുമെന്താണൊരന്തം. 82

ഇവനിതുവരെ നോക്കീടേണ്ടതോ നോക്കിയില്ലാ,
ശിവസുഖകരി! കേട്ടീടേണ്ടതോ കേട്ടതില്ലാ,
ദിവസവുമറിയേണ്ടും കാര്യമോ ചെറ്ററിഞ്ഞി-
ല്ല,വശനടിയനമ്മേ! നിയ്യൊരാളാശ്രയം മേ! 83

ഗൃഹഗൃഹിണികൾ, മാതാ, വിഷ്ടബന്ധുക്കൾ, താതൻ,
മഹ, നനുജ, നിവൻതാൻ, മന്നു, പൊന്നെന്നിവണ്ണം
ഇഹവിഷയസമുദ്രാൽകൃഷ്ടയാദോഗണത്താൽ
നിഹതനടിയനെന്തോ? തത്വശാസ്ത്രങ്ങളെന്തോ? 84

കരുളുകയി കട്ടപ്പം നാല്പതോളം വയസ്സാ-
യൊരു നരപശു ഞാനോ കാലമേവം കളഞ്ഞു;
വിരുതവിടെയുമില്ലാ, പോയ കാലം വരുത്താ-
നൊരു കൃപമതി മേലാലെങ്കിലും നന്മയാകാൻ 85

പടലസിതപരാഗം ഘോരസംസാരചിന്താ-
ജ്വരശമനചികിത്സാസാധനം ചിദ്രസാഢ്യം
ത്രിദശമകുടലാല്യം ദേവി! മൂർദ്ധാവിലേററീ-
ഹൃദയകദനമാററാൻ പാററിയാൽന്ന് ഭാഗ്യമായി. 86

ഗിരികുലവരമിത്രം, സച്ചിദാനന്ദപാത്രം,
ഗിരിശസുഖകളത്രം, ദിവ്യമായാവിചിത്രം,
ദുരിതഭരണസൂത്രം, കാൺകിലാപ്പുണ്യഗാത്രം,
ഹരിഹരി മമ നേത്രം, രണ്ടുമപ്പോൾ പവിത്രം. 87

ഭുവനമയമമേയം, സച്ചിദാനന്ദകന്ദം,
ഭവഭയ ഹരമേവം യോഗിമാരോർത്തു നിത്യം
തവ മഹിമ പുകഴ്ത്തീസ്തോത്രമോതുന്ന കേട്ടാ-
ലിവനു ചെവി ലഭിച്ചിട്ടുള്ള കാര്യ്യം ഫലിച്ചു. 88

സുരതരുസുമജാലം സിദ്ധഗന്ധർവ്വ വിദ്യാ-
ധര സുര നിരയാരാധിച്ചതിന്നുള്ള ഗന്ധം
പരമിവനുടെ മൂക്കിൽത്തട്ടിയുൾത്താർ കുളുത്താൽ
പരമസുകൃതമായി പർവ്വതപ്പൈതലാളേ! 89

കലിമലമകലാനും, മോക്ഷമാർഗ്ഗങ്ങൾ കണ്ടു-
ള്ളലിവതിനു മുദാരേ! ഭക്തി വർദ്ധിക്കുവാനും,
വലിയ മുനികൾ തീർത്തോരപ്പുരാണാമൃതത്തിൽ
കലിത രുചി വരട്ടേ നാവിനും നാളുതോറും. 90

മുനികൾ മുദിരവർണ്ണൻ നാന്മുഖൻ തൊട്ടു വാനോ-
രനിശമടിയിലമ്മേ! പൂജ ചെയ്യും തിരക്കിൽ
കനിയണമയി ഞാനും വന്നു പൂജിച്ചിടട്ടേ
ജനി മൃതിയൊഴിയട്ടേ കയ്യിനിജ്ജോലിയാട്ടേ. 91

പ്രിയതമനൊരുമിച്ചിട്ടുള്ള കേളിത്തിരക്കിൽ
പ്രിയസഖിജയചൂടിച്ചുള്ള പൂമാലവീണാൽ

പ്രിയമിവനതു കണ്ടാലംകൃതിക്കാദിദൈത്യാ-
പ്രിയകരി! യവിടക്കാവശ്യമില്ലാത്തതല്ലേ? 92

ഭവസുഖകരി! സാക്ഷാൽ മാമരക്കുള്ള കുമ്പേ!
ഭവഭയകരി! മായാമാമരക്കുള്ള തീയ്യേ!
ഭവതിയൊരുപകപ്പാണെന്നോർത്തുനോക്കുമ്പോൾനിൻപ്രാ-
ഭവമടിയനു തായേ! ഹന്ത ഞാൻ ബുദ്ധിമുട്ടി. 93

ഭ്രമമഖിലവുമായ്ക്കേ! തീരണം ജന്മകർമ്മ-
ശ്രമമൊഴിയണ,മുള്ളിൽക്കാണണം ചിൽസ്വരൂപം
ക്ഷമ തടവിടുമമ്മേ! ഭക്തരക്ഷാർത്ഥമെല്ലാ-
സ്സമയവുമലയുന്നു നീ, യിവൻ ഭക്തനല്ലേ. 94

സുകൃതിസുലഭമോർത്താലിജ്ജഗത്തിൻെറ മൂല-
പ്രകൃതികൾ കുടിപാക്കും സ്ഥാനമാദ്യന്തശൂന്യം
വികൃതി രഹിതമുള്ളിൽക്കാണുവാൻ ശുദ്ധസത്വ-
പ്രകൃതിസുഖദശീലേ! നിയ്യരക്കണ്ണിടേണം. 95

അടിയമരമുറപ്പിച്ചംബികേ! നിന്നെയോക്കാ-
നടിയനമരുമപ്പോൾ മായ വന്നിട്ടിളക്കും
ചൊടിയൊടു ഭയമെന്യേ 'പോടി! പോ' തെറ്റിടാഞ്ഞി-
പ്പടി ഝടിതിയുരപ്പാൻ തക്കൊരുക്കേകണം മേ. 96

ദുരിതമുരുബലത്താൽ വാസനാഝ്ഝാവിലൂടെ
പെരിയ നരകദേശത്തേക്കു സംസാരഭാണ്ഡം
അരിയ ചുമലിലിട്ടായാത്ര പെട്ടെന്നു തട്ടി-
ത്തിരിയുമഖിലനാഥേ! നീയരക്കൺമിഴിച്ചാൽ. 97

തവ മഹിമ ദുരൂഹം; മായയാൽ ജ്ജീവജാലം
ശിവ ശിവ! ശിവജായേ! ഹന്ത മോഹിച്ചിടുന്നു;
ഇവനിവനുടെയെന്നീ മട്ടു നട്ടം തിരിഞ്ഞി-
ട്ടവ പരമലയുന്നു കർമ്മമാർഗ്ഗങ്ങൾ തോറും. 98

ഇവനുമറിക ശുദ്ധം സ്വപ്നകല്പങ്ങളാമീ-
ഭ്ഭവന മവനി ഭാര്യാ പുത്ര മിത്രങ്ങളെല്ലാം,
ഭവമഹിഷി! പുലർത്തിസ്സത്യമെന്നോർത്തു മൌഢ്യാൽ
ദ്ദിവസവുമുഴലുന്നു കാൺക മായാവിലാസം! 99

കുറയണമിഹരാഗാദ്യുഗ്രഷഡ്രോഗശല്യം
മറയണമകലെപ്പോയ്ജ്ജന്മകർമ്മാദി ദുഃഖം,
പറയണമരമൈച്ചു ശശ്വൽസിദ്ധിക്കുപായം
നിറയണമകതാരിൽച്ചിദ്രസം രുദ്രജായേ! 100

ഈവണ്ണം ദീനദീനം മുറയിട്ടുമളവിൽ-
ദ്ദേവിയെന്നെക്കുറിച്ചാ-
കൈവല്യാനന്ദസിന്ധുത്തിരയെ തൃപ്പുരിക-
ത്തിന്റെ തുമ്പൊന്നിളക്കി.

ജീവൻ വന്നു തിരിച്ചെൻ, വ്രണകദനകുലം
യാത്ര ചൊല്ലിപ്പിരിഞ്ഞു
കൈവന്നു സൌഖ്യമെന്തോ കഥ! യിനിയവിടു-
ന്നൊന്നു തൃക്കൺ മിഴിച്ചാൽ. 101

## IV

മാററണം മാന്മിഴിത്തയ്യിവളുടെ ഗദമീ-
സ്സൽകൃപാവാരി കോരി-
പ്പാററണം പാവമയ്യോ! ശിവ! ശിവ! വലരെ-
ബ്ബുദ്ധിമുട്ടുന്നു കഷ്ടം!
പോറേണം പോററി പാദാശ്രിതരുടെ വരമാം
ലീസ്റ്റിലിസ്സ്പാദധ്ധിയേയും
കേറേണം മററൊരാളില്ലടിയനു പിന്നയും
സങ്കടം തീൎത്തയപ്പാൻ. 1

മായം പററാതെ വൈദ്യം പലതുമിവിടെഞാൻ
ചെയ്തു ചേതോഹരാംഗി-
യ്ക്കായം കിട്ടുന്നതില്ലെന്തിതിനൊരു വഴിയി-
ന്നാരണിത്തമ്പുരാനേ!
കായം കണ്ടിട്ടകത്തണ്ടെരിയുമിവനെയും
കണ്ണുരോഗാൎത്തി മൂലം
തായം തെററിക്കിടപ്പാമിവളെയുമിവിടെ-
ത്തന്നെ രക്ഷിച്ചിടേണം. 2

വെള്ളം മോന്താനുമുണ്ണുന്നതിനുമഴലക-
ത്തുള്ളതോതാനുമെന്നെ-
ക്കള്ളം കൈവിട്ടു നോക്കുന്നതിനുമരുതിതാ-
ഹന്ത! കട്ടിന്മേലവം

വെള്ളം ചൂടും പുരാരേ! കമനിമണികിട-
ക്കുന്നതോർത്തോർത്തു വല്ലാ-
ത്തുള്ളംകത്തുന്നു മാററിത്തരണമിവളിലീ-
വന്നരോഗം ക്ഷണത്തിൽ. 3

ഈവട്ടപ്പോർമുലപ്പൊൻതനുരുജ സഹിയാ-
ഞ്ഞിട്ടു കണ്ണീർപൊഴിച്ചും,
വാവിട്ടയ്യോ കരഞ്ഞും, കുടുകുടിനെ വിയ-
ർത്തും, നിലത്താണ്ടുരുണ്ടും,
ആവട്ടത്തൂരിരിക്കും പുരഹര! പകലും
രാവുമൊപ്പിച്ചുപോരു-
ന്നീവട്ടം കാണുവാനും പണിപണിയിവളെ
ത്ര്യക്ഷ! രക്ഷിച്ചിടേണം. 4

വട്ടഞ്ചുററുന്നുഞാനും, വരമൊഴിയിവളും;
കണ്ണുനീരിൽക്കുളിച്ചീ-
വട്ടംകണ്ടിട്ടിരുന്നങ്ങിനെ കരയുമൊരീ-
ത്തള്ളയും; പിള്ളമാരും;
കട്ടത്തീക്കണ്ണ! നട്ടംതിരിയുമിവരിൽ നീ
തൃക്കടക്കണ്ണിടാഞ്ഞാൽ
കഷ്ടപ്പാടാരുതീർക്കും പനിമലമകളൊ-
ത്തമ്പുമെൻ തമ്പുരാനേ! 5

ഉണ്ണിപ്പൈതങ്ങൾ, "അമ്മേ! കരയരുതരുതേ
ഞങ്ങൾ നീരുമ്മലൃതാം

ദണ്ഡിപ്പല്ലംകുറച്ചോം വരുവരുവെഴനേ-
റരുണ്ണവാനെ"ന്നിവണ്ണം
കണ്ണീർത്തുകിക്കഥിച്ചുന്നളവവളരുതാ-
ഞ്ഞിട്ടു കാട്ടും വികാരം
കണ്ണിൽക്കണ്ടുള്ളുപൊള്ളുന്നടിയനെയവനം
ചെയ്യണം ചന്ദ്രമൌലേ! 6

ദേഹാലസ്യത്തിനാലും ദിനമനുവളരും
കണ്ണരോഗാർത്തിയാലും
സ്വാഹാജരപ്രശസ്താനന കടുവെയില-
ത്തിട്ടതാൻപോലെ കഷ്ടം
ഹാ! ഹാ! വാടിത്തളന്നിത്തളിർതനു കഷണി-
ച്ചുന്നതോർത്താത്തനിച്ചോം
മോഹാലസ്യം വരുന്തു വലയുമടിയനെ-
ക്കാത്തുകൊൾകാത്തബന്ധോ! 7

എല്ലാനേരവുമൊന്നുപോലെ പലതും
വൈദ്യങ്ങളാവൈദ്യർവ-
ന്നല്ലാസാലരുളുന്നതൊക്കെയടിയൻ
ചെയ്യിച്ചു ചിൽക്കാതലേ!
ഇല്ലാശബ്ദാസമശേഷമെൻറ തരുണി-
ത്തയ്യിൻെറ കണ്ണാമയം
ചൊല്ലാളുന്ന മഹാഭിഷക്തമ! ഭവാൻ
മാററിത്തരേണം ക്ഷണം. 8

സാപ്പാടെന്നല്ലരിക്കാപ്പിയുമൊരുദിവസം
    ചെന്നിടാതെത്രനാളാ-
യ്യേല്പ്പാററാതെൻറഭാഗ്യച്ചെടിചകിതചലൽ
    ക്കുട്ടിമാൻദൃഷ്ടി കഷ്ടം!
തീപ്പാളും കണ്ണുദ്വേദനാ ഹൃദി സഹിയാ-
    തീവിധം കട്ടിലിന്മേൽ
പാർപ്പായിട്ടെ;ന്നുക്കൂത്താണൊരുകരുണപുല-
    മ്പാത്തതെൻ തമ്പുരാനേ! 9

പൊട്ടിച്ചിന്നുന്നു ധൈര്യം പുരമഥന! വിഭോ!
    ക്കൂരിരുട്ടാന്നു മൂടും
മട്ടിൽക്കാണുന്നുലോകം ഹൃദയമിഹവിറ-
    യ്ക്കുന്നു വേക്കുന്നു ദേഹം
തട്ടിപ്പോളുന്നതല്ലീനിലയിലടിയനെ-
    ന്തൊക്കെയോ ദേവ! “നാനി-
ക്കുട്ടി”യ്ക്കീവന്ന ദീനം പരമരനിമിഷം
    കൊണ്ടുമാററിത്തരേണം. 10

പച്ചപ്പാവം കിടന്നേൻ മഹിഷിയുമിവനും
    സങ്കടപ്പെട്ടിടുമ്പോ-
ളുല്പന്നാലസ്യമാററാനരികിലണയുവാൻ
    ദണ്ഡമെന്തിന്ദുമൌലേ!
ഉൾച്ചിന്നാതെപ്പൊഴും കല്പന ഹൃദി കരുതി-
    ക്കാത്തുനില്പോർകളാമീ-

കൊച്ചുങ്ങൾക്കാരൊരാലംബനമലിവവിടെ-
സ്സുള്ളിലില്ലെന്നുവന്നാൽ? 11

അപ്പാത്തിക്കിരി നാട്ടുവൈദ്യരിവരു-
ണ്ടെല്ലായ്പ്പൊഴും തമ്പിയെ-
കാപ്പാനായരികത്തു വക്കടിയനിൽ
താല്പര്യമുണ്ടെങ്കിലും
ത്വല്പാദങ്ങളൊഴിഞ്ഞു മററു ഗതിയി-
ല്ലെന്നാണെനിയ്ക്കും സദാ-
വേപ്പാളും ദയിതയ്ക്കുമുള്ള ദൃഢവി-
ശ്വാസം വിശുദ്ധാകൃതേ! 12

എന്നോമൽപ്പൈതൽ ദാമോദരനു മുലകൊടു-
ക്കാനെട്ടുക്കാൻ ശ്രമിയ്ക്കും
പൊന്നോമൽപ്പൂന്തനുതയ്യിവളിതിനരുതാ-
ഞ്ഞിട്ടു കഷ്ടപ്പെടുന്നു
ഒന്നോതാമാക്കിടാവോ കുളുർമുല നുകരാ-
ഞ്ഞാർത്തനായ്ത്തേർത്തിടുന്നു
നിന്നോടല്ലാതെ ഞാനാരൊടു പറയുവതീ-
സ്സങ്കടം തിങ്കൾമൌലേ! 13

പൊട്ടിപ്പോം ചെകിടൊന്നുകിൽപ്പരമത-
ല്ലെങ്കിൽച്ചുടും കണ്ണുനീർ
പൊട്ടിപ്പോമടിയന്നിതാണുനിലയീ-
ദ്ദീനം കുറേ ദുർഘടം

തട്ടിപ്പോ പരമാർത്ഥമോ പറയുമീ-
വൈദ്യോക്തി കേട്ടിട്ടു ഞാൻ
ഞെട്ടിപ്പോയ്ജ്ജഗദീശ! നീക്കണമെനി-
ക്കുൾപ്പെട്ടൊരീസ്സങ്കടം. 14

പൊട്ടേണം നീരു നീലോല്പലദളമിഴിതൻ
വേദനസ്സ്വല്പമായും-
കിട്ടേണം കീരവാണിക്കിനിയൊരുനെടുവീ-
ർപ്പുത്രയായാത്മബന്ധോ!
കൂട്ടേണം പാരമായുസ്സുരനിമിഷമിനി-
ത്താമസിയ്ക്കാതെയിപ്പോൾ
കാട്ടേണം ദീനരക്ഷാനിപുണത ഗതിയി-
ല്ലന്യനിങ്ങന്തകാരേ! 15

കുന്നിൻനന്ദിനിനേടിവെച്ച സുഖസ-
മ്പത്തായ ചിത്തേ! ഭവാ-
നിന്നിദ്ദീനതയുള്ളൊരെൻറ സുകൃത-
ക്കുമ്പായ പെൺപൈതലേ
നന്ദിപ്പെട്ടഖിലാർത്തിതീർത്തു സുഖമാ-
ക്കിത്തന്നു രക്ഷിയ്ക്കുവാ-
നൊന്നിപ്പോൾ കൃപചെയ്ക നീലഗളമാ-
ർക്കണ്ഡേയബന്ധോ വിഭോ! 16

നീക്കേണം നീലകണ്ഠ! പ്രചുരകരുണയാ
കാന്തതൻ കണ്ണുരോഗം

കാക്കേണം കാലഭൂതപ്പരിഷകളിവരെ-
ക്കൊട്ടയാട്ടാത്തമട്ടിൽ
ഓർക്കേണം മൂന്നുനാലോമനകൾ, മുലകുടി-
ക്കും കിടാവെ,ന്നിതെല്ലാം-
മേല്ക്കേണം ഭാരമില്ലില്ലടിയനപരമാ-
ലംബനം സാംബമൂർത്തേ! 17

തൃപ്പാദാശ്രിതനായൊരെൻെറ തരുണി-
ത്തയ്യാണു നിന്നെ പകു-
ത്തപ്പാതിസ്സ്വവശയാക്കിയ വധൂ-
രത്നം വളർത്തുന്നിവൾ
മുപ്പാരിന്നവലംബമേ! കഠിനമി-
ദ്ദീനത്തിലാപ്പെട്ടുഴ-
ന്നിപ്പാവം വലയുന്ന വസ്തുത ധരി-
ക്കാഞ്ഞോ വലയ്ക്കുന്നുനീ. 18

നീരുന്നം നീരദാളീനിബിഡചികുരയെ-
പ്പാരയേ കാലദോഷം
ചേരും ചെമ്പൊൻനിറം തഞ്ചിന കുളിർതനുവാ-
ടുന്നു മൂടുന്നുബോധം
ഓരുംതോറും മഹാസങ്കടമടിപണിയും
ഭക്തരെക്കൈവെടിഞ്ഞാ-
ലാരും നിന്നെബ്ഭജിക്കില്ലടിയനുമഴലു-
ണ്ടായതോർത്താർത്തബന്ധോ! 19

ഭൂവൊട്ടുക്കാടൽക്കൂടാതലിവിനൊടവനം
ചെയ്തു ചൈതന്യമാൎന്നീ-
യാവട്ടത്തൂരിരിക്കും പുരഹരനടയിൽ
ചെന്നുനിന്നിപ്രകാരം
വാവിട്ടേറെക്കരഞ്ഞോരളവതിലവിട-
ന്നെന്റെ ഭാഗ്യപ്പുളപ്പും-
മീവട്ടപ്പോൎമുലപ്പെൺകൊടിയുടെ സകലാ-
തങ്കവും തീൎത്തുതന്നു. 20

താരോമൽത്തളിർമെത്തമേൽത്തടയുകിൽ
താപം പൊറുക്കാത്തൊരീ-
യാരോമൽക്കുളുർമേനിയിൽക്കുലിശമൊ-
ത്തക്കത്തികാണിച്ചതിൽ
പാരോമൽപ്പുകഴാൎന്ന ഡാക്ടർ വരനാം
ശങ്കുണ്ണിമേനോനെന്റെ കൈ-
ത്താരോ, മാനസമോ, മദീയമനമോ
ശംഭോ! കഠോരം പരം! 21

---

V.

വല്ലാത്തസങ്കടമിനിക്കു,വിടേക്കു സൌഖ്യ-
മില്ലാശ്ശയില്ലതറിയാം, തവദാസനീഞാൻ
മല്ലാസ്ത്രവൈരിയുടെ പുണ്യനികേതമേ! നീ
വല്ലായ്മ ഭക്തനു വരുത്തിയതെത്രകഷ്ടം! 1

ഭർത്താവിനോടുമൊരുമിച്ചു കുമാരരൊത്തു
ചീർത്താദരം ഭവതിയല്ലലൊഴിഞ്ഞു നിത്യം
പാർത്താൽസുഖം ശരി, പദാശ്രിതരാർത്തരായാ-
ലോർത്താലുമദ്രിതനയേ! സുഖമെന്തുപിന്നെ? 2

കേളിപ്പെട്ടുംകവികുലോത്തമനായ 'വള്ള-
ത്തോളിൻെറ' കണ്ണുരുജ കാലവിമർദ്ദിജായേ!
ആളിത്തിളപ്പതൊഴിവാക്കണ,മിങ്ങുവേറി-
ട്ടാളില്ലിനിക്കു,പറവാൻ, കൃപവേണമെന്നിൽ 3

കേൾക്കില്ല തോഴനിവനോതുകി,ലങ്ങുമിന്നീ-
ലാക്കിൽച്ചിരിച്ചുകരയിക്കരുതെന്നെയമ്മേ!
നീക്കിത്തരേണമഴലാകെ,യിവൻെറ കണ്ണീർ
പോക്കിത്തരേണ,മിടനെഞ്ഞുരുകുന്നു തായേ! 4

ഞാൻതോററു,ഹന്ത!പറയും മൊഴികേട്ടിടാഞ്ഞി-
ട്ടെന്തോവിഷാദവിഷമാർന്നു പകച്ചുനോക്കി
എന്തോഴരെൻെറ ഹൃദയം ത്രിപുരാന്തകൻെറ
സന്തോഷകല്പലതികേ! തവിടാക്കിടുന്നു. 5

നാലാറുപേരൊടൊരുമിച്ചു നിരന്നിരുന്നു
കോലാഹലം വെടിപറഞ്ഞു തകർത്തിടുമ്പോൾ
ചേലാർന്നോരെൻ പ്രിയവയസ്യനെഴും വികാരം
ശൈലാത്മജേ! വലിയ സങ്കടമൊന്നുകാണ്മാൻ. 6

ഉണ്ടായനാൾമുതലലഞ്ഞഴകുള്ള കേൾവി-
യുണ്ടാസ്സുരാൻ കരുതി നിങ്കഴലിൽബ്ഭജിച്ചേ

ഉണ്ടായിരുന്ന നിജകേൾവിയുമസ്തമിച്ചു
കണ്ടാൽ നിനക്കു സുഖമോ സുരലോകവന്ദ്യേ! 7

ധന്വന്തരിക്കരിയപെങ്ങൾ; ഭിഷക്തമന്റെ
തന്വാർദ്ധമംബ! സുരവൈദ്യർ തൊഴുന്ന ദൈവം;
മന്വന്തരങ്ങൾവിളയും വിളഭൂമി; നിയ്യേ
തന്വംഗി! നിങ്കലമല്ലാത്ത ഗദങ്ങളുണ്ടോ? 8

“ചൊല്ലാന്നൊഴും തിരുമനസ്സിലെ വാക്കുകേൾക്കാ-
നില്ലാം നിവൃത്തിയടിയത്തിനിതാണു യോഗം”
ചൊല്ലാൻതുടങ്ങുമവനിങ്ങനെ കൺനിറച്ചു
വല്ലാതെനിന്നു നിഖിലേശ്വരി! നിന്റെ ഭക്തൻ. 9

കണ്ണാരിയായ ഗദവും രസമോ നിനക്കു
കണ്ണാരിയിൽ പ്രിയതയുള്ളതുകൊണ്ടുനാഥേ!
വണ്ണാത്തികേ! ഗമനവേളയിൽ വാജി;യപ്പോ-
ണ്ണാനിരിപ്പുളവു,“സൈന്ധവ”മോക്ഷകമ്മേ! 10

സാമാന്യനല്ല ഗിരിജേ! മഹദാദികാവ്യം
രാമായണം മുഴുവനും തവ പാദഭക്തൻ
ഹേമാരവിന്ദമിഴി! തർജ്ജമചെയ്തുതീർത്തോ-
രാമാന്യതസ്സ്തുതകിയോ വിരുതിപ്രകാരം? 11

ലോകക്കിതെത്രഗുണമാണയി!; മുന്തിരിങ്ങാ-
പ്പാകത്തിലല്ലി കൃതിചെയ്തതു കീർത്തിശാലി?
നാകപ്രശസ്തവിഭവേ! തിരുമേനി നല്ല
പാകത്തിലാക്കി,യിനിഞാൻ പറയുമ്പൊഴേറ്റം. 12

ജ്ഞാനംകുറഞ്ഞ ചില ദുഷ്ടഭിഷഗ്വരന്മാർ
മാനംനടിച്ചു പല വിദ്യയെടുത്തൊടുക്കം
നൂനംനശിച്ചു ചെകിടെങ്കി;ലെനിക്കു രണ്ടു-
ണ്ടൂനംവരാത്തതിലൊന്നവന്നേകുകമ്മേ! 13

എണ്ണിത്തരാം ഗുണഗണം പതിനായിരം ഞാൻ
വിണ്ണിങ്കലും പുകൾപുലത്തിന ഭക്തനമ്മേ!
ദണ്ഡിച്ചിടുന്നു ചെവികേൾക്കരുതാഞ്ഞവൻ, തു-
ക്കണ്ണിൽജ്ജഗജ്ജനനി! ചോരയശേഷമില്ലേ? 14

അല്ലേ ജഗജ്ജനനി! നിന്മകനെന്റെ തോഴ-
നല്ലേ; നിനച്ചിടുക നിന്മകനല്ലി ഞാനും?
ചൊല്ലേണമേ ചെറുകിടാങ്ങളെയമ്മ രക്ഷി-
ക്കില്ലെങ്കിലെന്തുഗതി; നാട്ടുനടപ്പിതാണോ? 15

വല്ലാതെ ദുഷ്ടവിധി മണ്ടയിലിപ്രകാര-
മെല്ലാംവരച്ചു ദൃഢമെങ്കിലുമാദിനാഥേ!
ചൊല്ലാർന്ന നിൻതിരുമിഴിക്കടകൊണ്ടുഴിഞ്ഞാൽ
പുല്ലാണതൊക്കെ;യതിനെന്തവിടെക്കുനഷ്ടം? 16

മായാപ്രയോഗമരുതീശ്വരി! സജ്ജനത്തി-
ലായാസമെന്തതിനു ദുഷ്ടജനങ്ങളില്ലേ?
ആയാൾ കുറച്ചു ഖലനെങ്കിലുമസ്തു പോട്ടേ;
പേയാക്കിടാസ്സടിയനുള്ളൊരപേക്ഷയമ്മേ! 17

നാമത്രയത്തിനുടെ മൂർത്തികൾ മൂവരും നി-
ന്നോമല്പദാശ്രിതർ, വിശിഷ്യ ഗദാന്തകന്മാർ,

നീമന്ദമൊന്നരുളിയാലവർ ചെന്നു വേഗ-
മാമഞ്ജുകീർത്തിയുടെ സങ്കടമൊക്കെ നീക്കും. 18

ആയാസമില്ല; സമയവ്യയമില്ല; വേറി-
ട്ടായാൾക്കൊരാൾ ശരണമില്ലൊ;രുനഷ്ടമില്ല;
നീയാധിതീർപ്പവളി;വന്റെയപേക്ഷ; കാര്യം
ന്യായാനുരൂപ;മിതിലെന്തിനമാന്തമമ്മേ!? 19

വല്ലാതെനിക്കു പിടിപെട്ട മസൂരി സാര-
മില്ലാതെയാക്കിയവിധം ജഗദേകതായേ!
ചൊല്ലാർന്നൊരെൻ പ്രിയവയസ്യനുമേററരോഗ-
മെല്ലാമൊഴിച്ചിടണ;മെന്തിനെയെങ്കിലും നീ. 20

"ദീനംമാറിക്കഴിഞ്ഞു ചെകിടടിയനു ധാ-
രാളമാസ്സേട്ടിട്ടനു-
ണ്ടാനന്ദിക്കാം ഭവാനും; ജനകനുമവിടെ-
ക്കാണുവാൻ വന്നുകൊള്ളാം"
എന്നതെററാതെ കത്തിനിലയിലെഴുതണം
തോഴരിങ്ങോട്ടുടൻ, ബ്ര-
ഹ്മാനത്തിന്റെ സത്തോ! കനിയണമടിയൻ
കാൽപിടിക്കാം നമിക്കാം. 21

# സ്വപ്നസ്തവം

ഇപ്പടിയ്ക്കുവിലസും ചരാചരം
ചൊല്ലടിയ്ക്കുമടിയും, പുലർന്നിടും,
ചെപ്പടിക്കളി കണക്കിലീവിധം
തപ്പടിപ്പവനെയോർപ്പനെപ്പൊഴും. 1

ഇന്നുകണ്ടൊരുകിനാവിലൊത്തതാ-
കുന്നുചോട്ടിലെഴുതുന്നൊരീസ്തവം
ഒന്നു നോക്കുവിനിതേറെനല്ലതാ-
ണെന്നുവെച്ചുപറയുന്നതല്ല ഞാൻ. 2

പട്ടി, വൻകരടി, യൊട്ടകം, കടം
പൊട്ടിവാച്ച മദദന്തി, മർക്കടം,
ഒട്ടിവററനിരയേ കൃതാന്തനും
ഞെട്ടിവീഴുമൊരു കാടു കണ്ടുഞാൻ 3

വന്തരുക്കളിടതിങ്ങി നോക്കിയാ
ലന്തമില്ലൊ,രിരുളെങ്ങുമീവിധം
ഹന്ത! കണ്ടൊരു, വനത്തിലേറിനാ-
നന്തമററൊരിവനേകനേകദാ. 4

അന്തിനേരമടിവയ്ക്കുവാൻ ഭയം;
ദന്തി വന്തരു പുഴക്കിടും രവം;
അന്തികേ പെരിയ സിംഹനാദ,മ-
ന്നെന്തിനിയ്ക്കു ഗതി ചുററിഞാനതിൽ 5

കുന്നു, കുണ്ടി, വയറിഞ്ഞിടംപ്പടി-
യ്യൊന്നുപോലെ പുത്തുതായ പുല്ലിനം
വന്നുമൂടിയ വനാന്തരത്തിൽ ഞാ-
നന്നുഴന്നു ഗതികെട്ടു കേവലം 6

കല്ലു തട്ടിമറിയും, മരങ്ങളിൽ-
ത്തല്ലുമേതല, തറച്ചുമുള്ളുകൾ
എല്ലുമൂക്കൊടുതുളച്ചു, മീവിധം
മല്ലുകെട്ടു നിലവിട്ടു കഷ്ടമേ! 7

കാടകത്തിലൊരു കൂസലെന്നിയേ
പേടമാൻമിഴിയൊരുത്തിയങ്ങിനെ
പാടവത്തൊടു നടന്നിടുന്ന ക-
ണ്ടാടലാലധികമമ്പരന്നു ഞാൻ. 8

പേടിയാകുമിവൾ കണ്ടുമുട്ടിയാ-
ലോടിടും പുരഹരൻ പിനാകിയും
ധാടിയുള്ളവളിവൾക്കുനല്ല, പൂ-
വാടിതന്നെ മൃഗമിശ്രമീവനം 9

കാട്ടുപോത്തുകൾ, രുരുക്ക, ളുൾഭ്രമം
വിട്ടുചുറ്റുമൊരു സിംഹജാതികൾ,
എട്ടുകാലുടയമാ, നിവറ്റയും
ഞെട്ടുമിത്തരുണിയൊന്നുനോക്കിയാൽ 10

വല്ലതും വരുമിനിഗ്ഗമിക്കയാം
നല്ലതെന്നുകരുതിത്തിരിക്കവേ

നല്ലകാഴ്ച, യൊരു സൎപ്പരാജനു-
ണ്ടുല്ലസിപ്പൂ തലയഞ്ചെഴുന്നവൻ 11

ആ വഴിക്കു വിഷമം ഗമിക്കുവാ-
നീ വരുന്ന ഫണിരാജവിക്രമം
ദേവരാജനുമടക്കുകില്ല ഞാ-
നേവമോൎത്തു തലച്ചുററിവീണുപോയ് 12

എന്തിനേറെ കുതികുത്തിയോടി ഞാൻ
പന്തിയല്ല വരവെന്നുറച്ചുടൻ
ദന്തിദന്തുരിതകാനനത്തില-
ന്നെന്തിതെൻെറ ദുരദൃഷ്ടമാകണം 13

ഓടിടുമ്പൊഴതു പുല്ലുകൊണ്ടുമേൽ-
മൂടിയാരുമറിയാത്തമാതിരി
പേടിയാം പടിയെഴും കിണററിൽ ഞാൻ
ചാടിഹന്ത! കുരുടൻ കണക്കിനെ 14

അങ്ങിണങ്ങിയൊരു വള്ളിയിൽപ്പരം
തങ്ങിനിന്നു തലകീഴിലായി ഞാൻ
പൊങ്ങിനില്പൊരു പുലാവിൽ ഞെട്ടിമേൽ
ത്തൂങ്ങിടും വലിയ ചക്കപോലവേ 15

നിന്നുഞാനവിടെയെങ്കിലും ഭയം
വന്നുചേൎന്നു പുനരാക്കിടപ്പിലും
കന്നു ചീററിയൊരു പാമ്പുവന്നൊതു-
ക്കുന്നു കൂപമടിപുക്കിരിപ്പവൻ 16

അക്കിടപ്പിലഴലാണ്ടു നോക്കി മേൽ-
പ്പക്കിലേക്കവിടെയന്നു കണ്ടു ഞാൻ
അക്കിണറ്റിനു ചുഴന്നു ലാത്തുവോ-
രുക്കിയന്ന മദമത്തഹസ്തിയേ 17

ദന്തിയാറുമുഖനാണു, പാദമോ
പന്തിരണ്ടു, വനിടഞ്ഞുനില്ക്കുകിൽ
പിന്തിരിക്കുമുശിരുള്ളമത്തദി-
ദന്തിമാരുമതിനില്ല സംശയം. 18

അക്കനത്തലതയെബ്ഭരിച്ചിടു-
ന്നുൽക്കടക്കടയെഴുന്ന മാമരം
വെക്കമൊന്നിളകിടുന്നു ലാത്തുവോ-
രിക്കരീന്ദ്രനുടെ കാറ്റടിക്കവേ 19

ആ മരത്തിനുടെ കൊമ്പിലൊക്കയും
ഭീമരൂപമുരഘോഷഭീഷണം
കേമമായിളകിടുന്നു വണ്ടിനം
കൂമ്മമങ്ങിനെയനേകമായിരം. 20

ഒന്നുവെള്ള, മുഴുവൻകറുത്ത, തെ-
ന്നിത്തരത്തിലിഹ രണ്ടു മൂഷികർ
അത്തരുക്കടതുരന്നു വീഴ്ത്തുവാ-
നൊത്തണഞ്ഞു ധൃതികൂട്ടിയേറ്റവും 21

ആ മരത്തിനുടെ പൊത്തുതോറുമേ-
ത്തുമരന്ദമൊഴുകുന്നു സന്തതം

ക്ഷാമമററു കുടിച്ചു പാർപ്പതു-
ണ്ടാമധുവ്രതഗണം ഗതക്ലമം 22

തേനിതെത്ര സുഖദം കൊതിക്കുമാ-
ജ്ഞാനിമാരുമറിവററ ബാലരും,
ഈ നിലക്കുതിവനും കിടക്കുകിൽ
ഗ്ലാനിതീൎന്നു നിവസിച്ചിടാം സുഖം 23

ഏററുവീണു പരമെൻെറ വായിലും
മററുമാ മധു; നുണഞ്ഞിറക്കി ഞാൻ
ചെററുതൃപ്തിയടയാത്തൊരാൎത്തിയാൽ
ച്ചുററുകെന്നനിലയായി കേവലം 24

തേനിലുള്ളകൊതി നില്പതില്ലിനി-
ക്കീനിലക്കു വിലയം വരുംവരെ
ഹാനി തട്ടരുതു ജീവിതത്തിനീ
മേനിവാടരുതിതായി ചിന്തയും 25

കാടകം കമലനേത്ര, ചുററുമി
ക്കാടനാന, യഹിരണ്ടു, മാമരം
ചോടറുക്കുമെലി രണ്ടു, തേനെഴും
പോടകത്തുളി, യിവററയിൽ ബ്ഭയം 26

ദുഷ്ടനാംവിധിചമച്ച കാട്ടിലെ
ധൃഷ്ടരായ കടുവാ വൃകാദികൾ
കഷ്ടമെന്നെ നിഹനിക്കുമോപിഷോൽ
കൃഷ്ടരാമഹികൾ വന്നു കൊത്തുമോ? 27

പേടമാൻമിഴി തുറിച്ചുനോക്കുമോ
പോടകത്തളികൾ തേനൊടുക്കുമോ
ചോടറുത്തെലികൾ വീഴ്ത്തുമോ മരം
കാടനാന കിണർതന്നെ തൂക്കുമോ? 28

തങ്ങുമീലത പറിച്ചുടൻ മദം
തിങ്ങുമാഗ്ഗജമുടൻ ഭുജിക്കുമോ
എങ്ങുപിന്നെനില? ചോട്ടിലേക്കുഞാ-
നങ്ങുവീഴ, മുരഗം കടിച്ചിടും 29

ഇത്തരത്തിൽ വരുവാനിരിക്കുമാ-
പത്തനേകമകതാരിലോർക്കയാൽ
ചത്തവന്റെ നിലയായി കഷ്ടമെൻ-
ചിത്തമോ പിടപിടെപ്പിടക്കയായ് 30

ഞാനശിച്ചു, നിതരാമൊലിച്ചിടും
തേനനാമയമതെന്നിരിക്കിലും
മാനസം പെരിയ ജീവിതാശയിൽ
താനലഞ്ഞുവലയുന്നു സന്തതം 31

ജീവിതാശ വലുതെന്നു, കണ്ടുഞാ-
നീ വിപത്തിലുമിനിക്കു ജീവിതം
ഈ വിധം പ്രിയമിതെന്തൊരക്രമം
ഹേ! വിശുദ്ധ പരമേശ!! പാഹിമാം 32

സങ്കടക്കടൽ കടത്തി വിട്ടിടും
വങ്കടത്തിനമരം പിടിപ്പവൻ

ശങ്കരൻ തലതിരിഞ്ഞു തുങ്ങുമീ-
യെങ്കലുള്ളൊരു വിപത്തകറ്റണം 33

ദാന്തരായ മുനിമാർക്കുഴം, ശുചി-
സ്വാന്തരഞ്ജിതനുമാവരൻ, പരൻ
അന്തരാമനസിവാണു തീർക്കുകെ-
ന്നന്തരായനിചയം നിരന്തരം 34

ശിഷ്ടരക്ഷണചണൻ ചിരന്തനൻ
ദുഷ്ടനിഗ്രഹപരൻ പരാൽപരൻ
അഷ്ടമൂർത്തി ഭവദഷ്ടബാധതീ-
ർത്തിഷ്ടവൃത്തിയടിയന്നു നൽകണം 35

വാശിയോടടിയനോടെതിർത്തുവ-
ന്നേശിടുന്ന ദുരിതങ്ങൾ നീങ്ങുവാൻ
പാശിതൊട്ടൊരു ദിഗീശർ കൈതൊഴും
ശ്രീശിവന്റെ കൃപ താനൊരാശ്രയം 36

യത്രയത്ര തിരുനാമകീർത്തനം
തത്രതത്ര ശിവ! നിത്യമംഗളം
ചിത്രമത്ര ചരിതം തുണക്കുകൊ-
ന്നത്രമാത്രമിവനോം തവാശ്രിതൻ 37

നന്മ തിന്മകളറിഞ്ഞിടാതെയീ-
ജ്ജന്മമിങ്ങിനെ കളഞ്ഞിടുന്നു ഞാൻ
ചിന്മയന്റെ കൃപകൊണ്ടുദിക്കണം
മന്മനസ്സിലറിവന്തമെന്നിയേ 38

മോഹനപ്രിയതമാങ്ഗവിഗ്രഹൻ
മോഹബാധയൊഴിവാക്കമീശ്വരൻ
സ്നേഹമാൎന്നടിയനെത്തുണസ്സുകീ-
ദ്ദേഹമുള്ളളവിലും പരത്തിലും 39

സ്തുത്യനാദിപുരുഷൻ ചിദാത്മകൻ
സത്യമൂൎത്തി സകലേഷ്ടദായകൻ
നിത്യകൃത്യമറിയാതെ ചാറുമീ-
ഭൃത്യനൊത്തൊരഴലൊക്കെ നീക്കണം 40

ഞാനിവണ്ണമഴറി സ്തുതിച്ചു പൂ-
മേനിയോൎത്തു ലതയിൽക്കിടക്കവേ
ഗ്ലാനിതീൎപ്പതിനു വന്നു പാൎവ്വതീ-
ജാനിയാൎക്കമഴൽതീൎക്കമീശ്വരൻ 41

കാമ്പഴപ്പൊരുൾപരന്ന മാമര-
ക്കാമ്പനന്തഗുണശാലി ശാശ്വതൻ
പാമ്പണിഞ്ഞതനുവെഴും ദയാമയൻ
താമ്പറഞ്ഞു പരമെന്നൊടിങ്ങിനെ 42

"എന്തിനുണ്ണി! വലയുന്നു? ഞാൻനിന-
ക്കെന്തിനും പിറകിൽ നില്പതില്ലയോ?
ചിന്തിതങ്ങളറിയുന്നു മാനസം
വെന്തിവണ്ണമലയാതിരിക്കുനീ!" 43

ഇന്നുനിന്നെയൊരുമട്ടു കാട്ടിഞാ-
നെന്നുരസ്സു ഭവദൃഷ്ടസങ്കടം

നന്നു നന്നു തല കിഴിലീവിധം
നിന്നുഴന്നു കഴിയുന്നു ജീവികൾ 44

നീ രസിച്ച ബത! കണ്ടകാട 'സം-
സാര'മെന്നു പുകഴും മഹാവനം
ക്രൂരസത്വമതിലുള്ളവററയെ-
ഘോരരോഗഗണമായ്ഗണിയ്ക്കണം 45

ഉണ്ണി കണ്ടൊരു കഠോരമൂർത്തി മാൻ-
കണ്ണി കേൾക്ക "ജര"യെന്ന കാമിനി
പെണ്ണിവൾക്ക നരരൂപമോഷണം
കണ്ണിരിയ്ക്കെ മടിയില്ല ചെയ്യുവാൻ. 46

പഞ്ചശീർഷഫണി "യിന്ദ്രിയങ്ങളാ-
ണഞ്ചു,വററയൊരുമിച്ചു നിൽക്കയാം;
സഞ്ചരിച്ചവർ കുടക്കമാരെയും
നെഞ്ചകത്തൊരലിവില്ലൊരിയ്ക്കലും. 47

താപമാന്നു തല കീഴിലീവിധം
നീ പതിച്ച കിണറോ പറഞ്ഞിടാം
ഹാ! പരുങ്ങരുതു "ദേഹ"മാണ;തോ
പാപകർമ്മദൃഢബദ്ധസംഭവം. 48

പാടുപെട്ട തല കീഴിൽ നീ കിട-
ന്നാടുമീ നെടിയ വള്ളി വാസ്തവം
കേടകൂടുമൊരു "ജീവിതാശ"യു-
ച്ചൂടമാധികളിതിൻെറ കാര്യമാം. 49

കാലകൊയ്ത്തമതുപോലെ ലോകരെ-
ക്കാലഭേദമണയാതെ കൊയ്യുവാൻ
'കാല'നാണു കിണ്ണർപുക്കിരിപ്പൊരി-
ക്കാലസർപ്പമതിദർപ്പധാരണൻ. 50

ഈറക്കനത്ത ലതയെന്ന് ഭരിയ്ക്കുമാ-
റാക്കമുള്ളതരു "മോഹ"മാണെടോ;
കേഠക്കവന്തരുത്തുരന്നു വീഴ്ത്തുവോ-
ത്രുക്കർ മൂഷികർ "നിശാദിനങ്ങ,"ളാം. 51

അന്തികത്തിലയി! കാണ്മതില്ലയോ
ദന്തിയെപ്പുതിയതായ മാതിരി
പന്തിരണ്ടു നട'മാസപംക്തി'യാ-
ദ്ദന്തി"യാണ്ട്"തു"ഗണം" ഷഡാനനം; 52

ത്തുമരന്ദമതിലുള്ളതോക്കിൽ
"ക്കാമസൌഖ്യരസമത്തു", തന്നെയാം
റീ മനസ്സിലറിയേണമീരസം
ക്ഷേമമല്ലിതു നരക്ക് വൻവിഷം. 53

അങ്ങടച്ച തരുശാഖതോറുമേ
നിങ്ങളായ്സ്സതതമാക്കമീച്ചകൾ
ഞങ്ങളും ബത! ഭയപ്പെടുന്ന "കാ-
മങ്ങ"ളാണു കളിയല്ല വാസ്തവം. 54

സാരമാണുപറയുന്നതുണ്ണി! നി-
സ്സാരമായമനുജക്കിതേവിധം

ഘോരരോഗമൃഗജുഷ്ടമായ സം-
സാരകാനനമഹോ! ഭയങ്കരം. 55

മോഹവും നെടിയജീവിതാശയും
ദേഹസക്തിയുമുദഗ്രദുഃഖദം
സാഹസങ്ങൾ വിഷയങ്ങൾ കേവലം
സോഹമെന്നു നിരുപിയ്ക്കയാം സുഖം. 56

കെട്ടുപോമിവ, വളർത്തിടാതെകൈ-
വിട്ടുവെങ്കിലുയരും വളർത്തിയാൽ
ഇട്ടതിയ്യിൽ വിറകെങ്കിലാളിടും;
കെട്ടുപോം വിറകിടാതിരിക്കകിൽ. 57

ഇത്തരത്തിലറിവിൻറസാരസ-
ത്തൊത്തനല്പമൊഴി ചൊല്ലിമെല്ലവേ
അത്തലാലധികമുള്ളിലാണ്ടൊരെൻ
കത്തലാററിയവിടുന്നടങ്ങിനാൻ. 58

പൊട്ടിവീണ ലത ഹന്ത! കണ്ടുകൈ-
കൊട്ടിയങ്ങിനെ ചിരിച്ചു ശങ്കരൻ
ഞെട്ടിഞാണുടനുണർന്നു വിസ്മയ-
പ്പെട്ടിരുന്നു 'കഥതീർന്നു' മംഗളം. 59

* 'കുംഭസംഭവനികേത' വാസിയാം
ശംഭളീവിലസിതാബ്ധിവിഗ്രഹൻ

* ആവട്ടുത്തൂർ.

സംഭവിച്ചോരഴലാററി, യെന്നൊരീ-
സ്സംഭവംഭുവി ഭയാത്തിഭേഷജം. 60

# ഉപദേശസ്തവം.

പുരുവേദാന്തസിദ്ധാന്തപ്പൊരുളെന്നുപുകഴ്ന്നവൻ
ഗുരുഗോവിന്ദനാനന്ദക്കരുകാക്കട്ടെനമ്മളെ. 1

നരരായിപ്പിറന്നേവം നരകത്തിൽക്കുളിക്കുവോർ
കരകേറാൻ ചിദാനന്ദ പരനെത്തന്നെയാക്കണം. 2

കാണുന്നതൊന്നുമിങ്ങില്ല നാണുറയ്ക്കുന്നതെങ്കിലൊ
താണുപോകരുതയച്ചു കാണുംമാർഗ്ഗംജനങ്ങളേ! 3

മായാമയനരകത്തിലായാൽത്തീർന്നുചരാചരം
പോയാക്ഷണത്തിലടയു മായാളിലുണരുംവരെ. 4

ചുട്ടികുത്തിച്ചുടൻവേഷം കെട്ടിച്ചിന്നിട്ടുനമ്മളെ
കൊട്ടിപ്പാടിക്കളിപ്പിച്ചു വിഡ്ഢിയാക്കുന്നുമാധവൻ. 5

വേഷംനന്നാകുവാനോരോ ഭോഷത്വംനമ്മൾകാട്ടിടും
ശേഷശായിത്തിരിപ്പാണെന്നിഷലില്ലറിയില്ലൊരാൾ 6

കലാശമവതാളത്തിൽക്കലാശിക്കുന്നുനമ്മളും
ബലാലിക്കളിയിൽപ്പാപ കലാപംഫലമായ്വരും. 7

കടിഞ്ഞാണിട്ടുകുതിരപ്പടിനമ്മളെയീശ്വരൻ
പിടികൂടിനടത്തുന്നു വെടിയല്ലോർത്തുനോക്കുവിൻ. 8

ദിനംതോറുംമരിക്കുന്നു ജനംകാണുന്നുനമ്മളും
നിനക്കില്ലെങ്കിലുംചാകു ണ്ടെനിക്കെന്നുള്ളവാസ്തവം. 9

ഒരുരാപ്പകൽപോകുമ്പോ ളൊരുനാഴികയെങ്കിലും
ധ്രുവാംചിന്മയൻതൃക്കാൽ കരുതാത്തതതിക്രമം. 10

ആരാണാ,രുടെയാണി,ഷ്ടന്മാരാ,രെങ്ങുന്നുവന്നുനാം
പോരാപോകുന്നതെങ്ങോട്ടെന്നാരാണോർക്കുന്നതൂഴിയിൽ!

കുടുംബംകാക്കലുംമററു കുടുംബങ്ങൾമുടിക്കലും
മിടുക്കാവില്ലൊരുത്തന്റെ മൊടുക്കംനിലതെററിടും. 12

പുത്രമിത്രകളത്രാദി യെത്രനിസ്സാരമോക്കുകിൽ
എത്രനാൾനില്ക്കുമതിലെന്തിത്രസക്തിക്കുകാരണം? 13

വഴിക്കുവഴിനാംവീട്ടിൽ ക്കഴിക്കുംകാൎയ്യമോക്കുകിൽ
വഴിയമ്പലമേറുന്ന വഴിപോക്കർകൊന്നൊക്കുതാൻ. 14

മരിച്ചാൽപ്പുണ്യമുള്ളോനും ദരിദ്രനുമൊരാശ്രയം
ദുരിതം,സുകൃതം,രണ്ടും സ്മരിക്കണമിതേവനും. 15

ഇഷ്ടബന്ധുക്കളെ,ബ്ഭാൎയ്യ തൊട്ടക്കുട്ടരശേഷവും
കഷ്ടമേപട്ടടക്കാട്ടി ലിട്ടെറിഞ്ഞുനടന്നിടും 16

ഞാനെന്നുള്ളാഹംഭാവം ജ്ഞാനമില്ലാഴ്കകാരണം
മാനവർക്കിതുതാൻമുഖ്യ സ്ഥാനമാപത്തിനോക്കണം. 17

മക്കളേയുംഭാൎയ്യയേയും പശ്ശുക്കളേയുംനിനയ്ക്കൊലാ
ഉൾക്കളേജഗദീശന്റെ നല്ക്കളേബരമോക്കുവിൻ. 18

തിരക്കൊന്നിന്നുഭഗവൽസ്മരണംനാളെയെന്നുനാം
കരുതാഴ്ക,മരിച്ചീടു ന്നൊരുനാളാർക്കറിഞ്ഞിടാം! 19

സംസാരിയാതിരുന്നുള്ളിൽകംസാരിയെനിനക്കുകയിൽ
സംസാരംനീങ്ങുമെന്നുള്ളാസ്സംസാരംനിന്ദമോക്കുന്നം.

തന്നിയെജ്ജഗദാധാര ക്കന്നിയെക്കരുതീടുകിൽ
ജനിത്രീജഠരപ്രാപ്തി യിന്നിവേണ്ടിവരാദൃഢം. 21

ഞാനിപ്പറഞ്ഞതത്വങ്ങൾ മാനിച്ചേവംനടക്കുകിൽ
ഹാനിപററില്ലജനമേ! ധ്യാനിക്കുകപരാല്പരം. 22

സൃഷ്ടിച്ചുള്ള ചരാചരങ്ങൾമുഴുവൻ
കല്പാന്തകാലങ്ങളിൽ
ച്ചുട്ടിച്ചാന്തരത്തിലുള്ളിലവനം
ചെയ്യുന്നചില്ലൂതലേ!
കെട്ടിച്ചററിവലച്ചിടുന്നൊരുമഹാ-
സംസാരപാശംഭവാൻ
പൊട്ടിച്ചാർത്തിയകററണം കരുണയാ
കാർവണ്ണ!കാത്തീടണം.

സമാപ്തം.

MUL
050811

16

C39

17 NOV 194